മാസിക

മദ്ധ്യസ്ഥൻ

പുസ്തകം 6] 1934 മാർച്ച് [ലക്കം 9

Licence No. 183.

വിഷയവിവരണിക.

1 ഇടയലേഖനം.
2 മാതൃകായോഗ്യനായ നമ്മുടെ പിതാവു്.
3 മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പു്.
4 രണ്ടു ശിഷ്യക്കർം.
5 ക്രിസ്തുനാഥന്റെ ക്രൂശ്മരി.
6 ആശ്വാസപ്രദൻ.
7 വി. ബെസ്റ്റാദത്തു്.
8 ലഘുപാപം (തുടർച്ച)
9 ജപമാലസ്തോത്രം.
10 കുറിപ്പുകൾ.
11 ഉപകാരസ്മരണ.
12 ചരമവാർത്ത.
13 കത്തോലിക്കാരൃം.

"തിരുരക്തവണക്കം."

ധ്യാനഗ്രന്ഥവും ഗ്രന്ഥകാരനുമായ

ഫാദർ

മാത്യു ആലക്കളത്തിൽ

അവർകളാൽ വിരചിതം!

നമ്മുടെ രക്ഷയുടെ വിലയായ തിരുരക്തഭക്തി, പ്രത്യേകിച്ചും ഈ കഷ്ടാനുഭവ ജൂബിലിവത്സരത്തിൽ, വിശ്വാസികളിൽ ശുദ്ധമൂലമാക്കുന്നതിനും, ജ്ഞാനവായനയ്ക്കും ജൂലൈമാസ വണക്കത്തിനും ഉപയോഗിക്കുന്നതിനും ഏറ്റവും പ്രയോജനപ്പെടുന്ന ഒരു പുതിയപുസ്തകം. വില ചക്രം ൧൫ മാത്രം.

മലയൂസ്ഥൻ ആഫീസ്, ചങ്ങനാശേരി.

മദ്ധ്യസ്ഥൻ.

പുസ്തകം ന്യ. } ഫൻസർ മാർച്ച്. { ലക്കം ൻ.

No. 26

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും

ചങ്ങനാശേരിരൂപതയുടെ

മെത്രാനായ നാം

കാളാശേരിൽ



ജയിംസ്

മെത്രാൻ.

"Sic non potuistis una hora vigilare mecum"

"എന്നോടുകൂടി ഒരു മണിക്കൂർ ഉണർന്നിരിക്കുന്നതിനു നിങ്ങൾക്കു സാധിക്കയില്ലയോ"

വന്ദ്യ സഹോദരരെ! വാത്സല്യമക്കളെ!

തപസ്സിനും പ്രായശ്ചിത്തത്തിനുമായി തിരുസ്സഭ നിശ്ചയിച്ചിരിക്കുന്ന വലിയനോയമ്പ് ഇതാ ആരംഭിച്ചിരിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ ആയുഷ്കാലമെല്ലാം മ്ശിഹായുടെ പീഡാനുഭവങ്ങളെ ഓർത്തു സഹതപിക്കേണ്ടതാണെങ്കിൽ, രക്ഷാകരമായ ഈ നോയമ്പുകാലത്തു്, ധ്യാനനിരതരായി അവിടുത്തെ തൃപ്പാദത്തുങ്കൽ നിന്നിരുന്ന പരിശുദ്ധ മാതാവിനോടും വി

ശാസ്ത്രായ ആ ചുരുങ്ങിയ ഭക്തരാത്മാക്കളോടൊരുമിച്ചു കുരിശിൻ ചുവട്ടിൽനിന്ന കരയേണ്ടതു് അത്യാവശ്യമാണെന്ന സ്വയം വിശദമാണല്ലോ. "മ്ശിഹാ സ്വന്തരക്തത്തോടുകൂടി ഒരിക്കൽ വിശുദ്ധസ്ഥലത്തുപ്രവേശിച്ചു് വീണ്ടെടുപ്പിനെ എന്നേക്കുമായി സാധിച്ചു" (എബ്രായ. 9. 12.) എന്ന ശ്ലീഹാ പറയുന്നതുപോലെ നമ്മുടെ കർത്താവു് ഒരിക്കൽമാത്രമെ നമുക്കുവേണ്ടി രക്തം ചിന്തിമരിച്ചിട്ടുള്ളു. വാസ്തവംതന്നെ; എന്നിരുന്നാലും മാലാക്കിദീർഘദർശിയുടെ പ്രവചനം അനുസരിച്ചു് സൂര്യോദയംമുതൽ അസ്തമനംവരെ, ഗാഗുൽത്താമലയിലേ പാരമ്പര്യമായി പട്ടക്കാരുടെ രണ്ടുതളാൽ രക്തം ചിന്താതെ ആവർത്തിക്കപ്പെടുകയും, സ്നേഹപാരാവാരമായ ദിവ്യസക്രാരിയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥംപറവാനായി എപ്പോഴും ക്രൂശക്കടുത്തവിധം അവിടുന്ന വസിക്കയുംചെയ്യുന്ന.

അപ്പനോ വന്ദ്യ സഹോദരരെ വാത്സല്യമക്കളെ, ഗദസേമനിൽ രക്തംവിയർക്കയും പീലാത്തോസിന്റെ അരമനയിൽ മൃഗീയമാംവണ്ണം ചമ്മട്ടിഅടിഏൽക്കയും, മുൾമുടിചൂടുകയും ഗാഗുൽത്തായിൽ കുരിശിൽത്തൂങ്ങി മരിക്കയുംചെയ്ത ആ ദിവ്യരക്ഷകൻതന്നെ പ്രതിനന്ദിയേയും സ്നേഹത്തേയും യാചിച്ചുകൊണ്ടു നമ്മുടെ സമീപെ വസിക്കുന്ന. തന്നെ അറികയോ അറിഞ്ഞിട്ടും സ്നേഹിക്കയോചെയ്യാത്ത മനുഷ്യർക്കു് നന്മചെയ്വാനായിട്ടു മാത്രമാണു് നന്ദിഹീനരായ മനുഷ്യരുടെ മദ്ധ്യത്തിൽ അവിടുത്തെ ക്രൂശു രംസ്ഥാപിച്ചിരിക്കുന്നതു്. മനുഷ്യരാകട്ടെ മാനത്തേയും ദൈവനാമത്തേയും ലോകത്തിൽനിന്നു് ഉച്ചാടനംചെയ്യുന്നതിനു ബദ്ധശ്രദ്ധരായികാണപ്പെടുന്ന. ആരെ വിഴുങ്ങേണ്ടുഎന്ന വിചാരിച്ചു് സിംഹത്തപ്പോലെ അലറിക്കൊണ്ടു നടക്കുന്ന നരകരാജന്റെ അനുഗാമികളും പ്രതിദിനം വർദ്ധിച്ചുതന്നെ വരുന്ന. ഈ പതനത്തിൽ തന്റെതന്നെ ഞെട്ടക്കപ്പെട്ട മക്കളായ കത്തോലിക്കരിൽ പലരും യൂദാസിനെപ്പോലെ, ശത്രുഗണത്തിൽ ചേരുന്നതു കാണുമ്പോൾ അവിടുത്തെ സ്നേഹസമ്പന്നമായ ഹൃദയം അനുഭവിക്കുന്ന വേദന എത്ര തീവ്രമായിരിക്കുമെന്നു് ആലോചിക്കുവിൻ. വാത്സല്യമക്കളെ, നാം പാപം ചെയ്യുമ്പോഴൊക്കെയും, ശ്ലീഹാ പറയുന്നതുപോലെ നമ്മുടെ കർത്താവിനെ വീണ്ടും കുരിശിൽ തറയ്ക്കയും രക്ഷാകരമായ തന്റെ തിരുരക്തത്തെ ചവിട്ടിമെതിക്കയും അല്ലയോ ചെയ്യുന്നതു്. "കാരണം ക്രൂശാതെ എന്നെ പകച്ചവരുടെ സംഖ്യ എന്റെ തലമുടിയുടെ എണ്ണത്തേക്കാളധികമാണു്" (സങ്കീ. 68–5) എന്നു് ദാവീദുനിവ്യാവഴിയായി താൻ വിലപിക്കുന്ന. അതുകൊണ്ടു് അവനവന്റേയും ലോകമൊക്കെയുടേയും പാപങ്ങൾക്കു് പരിഹാരം ചെയ്യുന്നതിനു് വ്യക്തിപരമായ നിലയിലും സമുദായാംഗം എ

ന്ന നിലയിലും നിങ്ങൾക്കുള്ള കടമയെ ഓർത്തു നിറവേറ്റുവിൻ. പ്ര മാണലംഘനത്തിനും നീചസന്തോഷങ്ങൾക്കുമായി ഒരിക്കൽ ദുരുപയോ ഗിച്ച നിങ്ങളുടെ ശരീരത്തെ പരിഹരണത്തിനും ദണ്ഡനത്തിനുമായി ഇ പ്പോൾ വിനിയോഗിപ്പിൻ. പൂർവ്വകാലത്തു് നോയമ്പുകാലം മുഴുവനും വിശ്വാസികൾ ഒരുമനസ്സോടും നിന്നുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടുമാണ് ചില വഴിച്ചിരുന്നതു്. തങ്ങളുടെ ദൈവം വയറും, അന്ത്യം നാശവുമായിട്ടുള്ള ആളുകളാണ് ഉപവാസത്തേയും പ്രാർത്ഥനയേയും അവഹേളിക്കുന്നതെ ന്നു് വി. പൌലോസിനോടുകൂടി നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അതു കൊണ്ടു് നോയമ്പുകാലത്തു തിരുസ്സഭ നിശ്ചയിച്ചിരിക്കുന്ന ഒരുനേരവും മറവും കൂടാതെ ആചരിക്കുവിൻ. പ്രതിദിനം ദിവ്യപൂജ കാണുകയും വിയാസാക്രാ കഴിക്കയും കിടക്കുന്നതിനു മുമ്പോ രാവിലെയോ കർത്താവി ന്റെ കഷ്ടാനുഭവങ്ങളെപ്പറ്റി അല്പനേരമെങ്കിലും ധ്യാനിക്കയും ചെയ് വിൻ. ആണ്ടുകുമ്പസാരംകൊണ്ടുമാത്രം തൃപ്തിയടയാതെ ഭക്തിപൂർവ്വം കൂ ടക്കൂടെ കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിക്കുവിൻ. ആണ്ടുകുമ്പ സാരം കഴിക്കാത്തവനാകട്ടെ ക്രിസ്ത്യാനി എന്ന പേരിനുപോലും അർ ഹനല്ലതന്നെ. ആരാധനാസമ്പ്രദായത്തിൽ ഇടവകയിലുള്ള സകല വിശ്വാ സികളും പേരെഴുതിച്ചു നിശ്ചിതദിവസങ്ങളിൽ ഒരു മണി ആരാധന കൃ ത്യമായി നടത്തുന്നതിനും ബ. വികാരിമാർ പ്രത്യേകം ഉത്സാഹിക്കണം. നമ്മുടെ ദിവ്യരക്ഷകൻ മറ്റാരിത്താഴത്തോട്ട അരുളിച്ചെയ്തതിനെ അടി സ്ഥാനപ്പെടുത്തി പാശ്ചാത്യരാജ്യങ്ങളിൽ മാത്രമല്ല, നമ്മുടെ ചില പള്ളി കളിലും ഇപ്പോൾ നടന്നുവരുന്ന സ്തുത്യർഹമായ വേറൊരു ക്രമീകൃത്യമാ ണ് വ്യാഴാഴ്ച രാത്രി ൧൧ മണിമുതൽ ൧൨ മണിവരെയുള്ള ഒരു മണി ആ രാധന. ഇതിന്റെ പ്രചുപ്രധാനത്തെ ഉദ്ദേശിച്ചു്, വ്യാഴാഴ്ച ഉച്ചകഴി ഞ്ഞു ൨ മണിമുതൽ വെള്ളിയാഴ്ച സൂര്യോദയം വരെയുള്ള ഏതു സമയത്തെ ങ്കിലും തനിച്ചോ കൂട്ടമായോ, ഗദ്ദേസമേനിൽവച്ചു നമ്മുടെ കർത്താവു് അ നുഭവിച്ച തീവ്രദുഃഖത്തെപ്പറ്റി ധ്യാനിച്ചുകൊണ്ടും അവിടുത്തെ നേക്കു ചെയ്യപ്പെട്ടുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരം ചെയ്യണമെന്നുള്ള ഉദ്ദേ ശ്യത്തോടുകൂടിയും, ഒരു മണിക്കൂർ ആരാധന കഴിക്കുന്നവർക്കു്, തിരുസ്സഭ പൂർണ്ണദണ്ഡവിമോചനം അനുവദിച്ചിട്ടുണ്ടു്. സൌകര്യമുള്ള സ്ഥലങ്ങ ളിലെല്ലാം ഈ ആരാധന നടത്തുകാണുവാൻ നാം ആഗ്രഹിക്കയും നട ത്തണമെന്നു ദൃഢമായി ആഗ്രഹിക്കയും ചെയ്യുന്നു.

വന്ദ്യ സഹോദരരെ, സ്നേഹിക്കപ്പെട്ടമക്കളെ! ആധുനികലോകത്തെ ബാധിച്ചിരിക്കുന്ന മഹാരോഗം ദൈവത്തേയും മതത്തേയും പറ്റിയുള്ള അജ്ഞത തയാണു്. ഭൌതികശാസ്ത്രങ്ങളിൽ നൈപുണ്യം സമ്പാദിച്ചിട്ടുള്ളവരിൽ ൧൦൦ ല

രുംദൈവത്തെ ത്യാജ്യകോടിയിൽ തള്ളിക്കളയുന്നു. ഇതു മതവും ശാസ്ത്രവും തമ്മിലുള്ള വൈരുദ്ധ്യംകൊണ്ടല്ലെന്നും, സർവ്വശാസ്ത്രവിജ്ഞന്മാരായിരുന്ന പല മഹത്തുക്കളും സാക്ഷാൽ ദൈവവിശ്വാസികളായിരുന്ന എന്നുള്ള വസ്തുത ഓർക്കുമ്പോൾ കാണാവുന്നതാണു്. അവിശ്വാസത്തിന്റെ കാരണം ഏറിയകൂറും ചെറുപ്പകാലത്തു മതവിദ്യാഭ്യാസം നല്ലാത്തതാണു്, തന്നിമിത്തം ആണു് കുട്ടികളുടെ വേദപാഠത്തിലും മതവിദ്യാഭ്യാസത്തിലും തിരുസ്സഭ ഇത്ര കായ്മയായി ശ്രദ്ധിക്കുന്നതു്. ചില പള്ളികളിൽ കുട്ടികളുടെ വേദപാഠം നടക്കുന്നില്ലെന്നറിയുന്നതിൽനാം വ്യസനിക്കയും ഭയപ്പെട്ടുകയും, പള്ളിഭരണത്തിൽവികാരിമാരുടെ ഒട്ടും അപ്രധാനമല്ലാത്ത ചുമതലയാണു് കുട്ടികളുടെ വേദപാഠകാര്യം എന്നു് അവരെ നാം അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. കാരണവന്മാരാകട്ടെ ഇക്കാര്യത്തിൽ ഉദാസീനതകാണിക്കുന്നപക്ഷം ഇഹത്തിലും പരത്തിലും നിഷ്ഫലമായി ദുഃഖിക്കേണ്ടിവരുമെന്നു് മറന്നുകളയരുതു്. ദൈവഭയമില്ലാത്തവരായി പോറ്റപ്പെടുന്നമക്കൾ, പാൽകൊടുത്തുവളർത്തുന്ന സർപ്പത്തെപ്പോലെ നാശകാരികളായി തീരുമെന്നുറച്ചുകൊള്ളുവിൻ. തങ്ങളുടെമക്കളെ വേദപാഠത്തിനയയ്ക്കാത്ത കാരണവന്മാരെ ഇടവകവികാരിമാർ ദൈവത്തെയനുസരിച്ചു ശിക്ഷിക്കേണ്ടതാണു്. വേദപാഠത്തെയുദ്ദേശിച്ചാണു് കത്തോലിക്കാ സ്ക്കൂളുകൾ വലിയ ദ്രവ്യനഷ്ടംസഹിച്ചു നമ്മുടെ പള്ളികളിൽനിന്നു നടത്തപ്പെടുന്നതു്. എന്നിരുന്നിട്ടും കൃത്യനോധമില്ലാത്ത ചില കാരണവന്മാർ അകത്തോലിക്കാ സ്ക്കൂളുകളിലേയ്ക്കു് തങ്ങളുടെ മക്കളെ അയയ്ക്കുന്നതായി അറിയുന്നതു് പരിതാപകരംതന്നെ. അടുത്ത സ്ക്കൂൾവർഷത്തിൽ ആരെങ്കിലും ഇങ്ങനെ ചെയ്യുന്നതായി അറിഞ്ഞാൽ അവരെ ശിക്ഷിക്കുന്നതിനായി വികാരിമാർ വിവരം നമ്മുടെ കച്ചേരിയിലേയ്ക്കു റിപ്പോർട്ടുചെയ്യേണ്ടതാണു്. സ്ക്കൂൾതുറക്കാറാകുമ്പോൾ, കാരണവന്മാർ കുട്ടികളെകത്തോലിക്കാസ്ക്കൂളുകളിലേയ്ക്കു് അയയ്ക്കേണ്ടിയ ആവശ്യകതയെപ്പറ്റിയും പെൺകുട്ടികളെ ആൺകുട്ടികളുടെ വിദ്യാലയങ്ങളിൽ വിടാതിരിക്കേണ്ടതിനെ സംബന്ധിച്ചും വിശ്വാസികളെ ഉപദേശിക്കുന്നതിനു വികാരിമാർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം.

വന്ദ്യസഹോദരരെ സ്നേഹിക്കപ്പെട്ട മക്കളെ, കഴിഞ്ഞമാസത്തിൽഉണ്ടായ ഭൂമികുലുക്കംമൂലം ഉത്തരേൻഡ്യയിലെ ചില രാജ്യങ്ങളിൽ ഉണ്ടായ അവർണ്ണനീയവസ്തു നാശത്തേയും ജീവാപായത്തേയുംപറ്റി നിങ്ങളും കേട്ടിരിക്കുമല്ലൊ. അവിടത്തെ ദുരിതനിവാരണത്തിനായി നിങ്ങൾപ്രാർത്ഥിക്കയും പാടുള്ള ധർമ്മസഹായം ചെയ്യുകയും, ഈ അപകടത്തിൽനിന്നു നമ്മളെകാത്തുരക്ഷിച്ചതിനുദൈവത്തിനു ഉപകാരസ്മരണ ചെയ്കയും വേണം. പാപപരിഹാരാർത്ഥം ഉപവാസം, തപസ്സു്, ദാനധർമ്മം മുതലായവ ചെയ്യു

ന്നതിനുള്ള ഒരു മുന്നറിയിപ്പാണു് ഈ ഭൂമികുലുക്കമെന്നെല്ലാവരും ധരിച്ചിരിക്കേണ്ടതാണു്.

കൂടാതെയും, വി. യൌസേപ്പുപിതാവിന്റെ വണക്കമാസം സമീപിച്ചിരിക്കുന്നതിനാൽ, അതു ഭക്തിപൂർവ്വം ശ്ലോഷിക്കുന്നതിനും, ആ മഹാത്മാവിൽ പ്രശോഭിച്ചിരുന്ന പരിശുദ്ധി, മനോദാഢ്യം, മതനിഷ്ഠ മുതലായ പുണ്യങ്ങൾ അനുകരിക്കുന്നതിനും, നിങ്ങളുടെ കുട്ടികളെ അഭ്യസിപ്പിക്കുന്നതിനും എല്ലാവരും ജാഗ്രതയുള്ളവരായിരിപ്പിൻ.

കടശിയായി, പരിശുദ്ധവ്യാകുലമാതാവു് സ്ലീവാമേൽ തറയ്ക്കപ്പെട്ട തന്റെ തിരുക്കുമാരന്റെ പീഡകളെ നമ്മളുടെ ബോധത്തിൽ പതിപ്പിച്ചുറപ്പിച്ചു്, പാപത്തിന്മേൽ ഉത്തമമായ മനസ്താപവും ദൈവത്തോടു യഥാർത്ഥമായ സ്നേഹവും നമുക്കേവക്കും ലഭിച്ചുതരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു ✠ ബാവായുടേയും ✠ പുത്രന്റേയും ✠ റൂഹാദ്ക്കുദശായുടേയും നാമത്തിൽ നിങ്ങളെല്ലാവരേയും നാം ആശീർവദിക്കുന്നു.

എന്നു്
ഫ. അരമനയിൽനിന്നു
1934 ഫെബ്രു. 24 നു
വി. മത്തായിശ്ലീഹായുടെ
തിരുനാൾദിനം.

യൌസേപ്പു് കാതോലിക്കോസു്

[illegible] ✠

ഫ. ഗീവറുഗീസു മെത്രാൻ.

ഈ കല്പന അടുത്തരണ്ടുതായരാഴ്ചകളിൽ ഏവൻഗേലിയോൻ കഴിഞ്ഞു് വായിച്ചു കൊള്ളണം.

മാതൃകായോഗ്യനായ നമ്മുടെ പിതാവു്.

മാർച്ചു് മാസം കത്തോലിക്കാസഭ വി. യൌസേപ്പുപിതാവിന്റെ വണക്കത്തിനായി പ്രതിഷ്ഠിച്ചിരിക്കുകയാണെല്ലോ. ആകയാൽ ഈ അവസരത്തിൽ പ്രസ്തുത പുണ്യാത്മാവിനെപ്പറ്റി കുറഞ്ഞൊന്നു് ചിന്തിക്കുന്നതു് ഏവർക്കും രക്ഷാകരമായിരിക്കുമെന്നതു് നിസ്തർക്കമത്രെ.

ആപൽസമ്പൂർണ്ണമായിരിക്കുന്ന സമുദ്രത്തിൽ കൂടി യാത്ര ചെയ്യുന്നവരുടെ ലക്ഷ്യപ്രാപ്തിക്കു് ഉപകരിക്കുന്നതിനായി വടക്കുനോക്കിയന്ത്രം, ദീപസ്തംഭം ഇത്യാദികളുണ്ടു്. ഭൌതിക സമുദ്രത്തിലേ അവസ്ഥതന്നെയാണു് സാന്മാർഗ്ഗികമായതിലും. സ്വർഗ്ഗീയ ധർമ്മപഥത്തിൽ എത്തുന്നതിനു് ഉറപ്പുമിക്കുന്ന ഏതൊരുവന്റെ ആയുസ്സിലും ഏതു ഘോരമാണ്ഡമായ കപ്പലിനെ

പ്പോലും നശിപ്പിക്കുന്നതിനു് പര്യാപ്തമായ തിരമാലകൾ ധാരാളം പ്രത്യക്ഷപ്പെടാറുണ്ടു്. പുണ്യവാന്മാരുടെ ചരിത്രങ്ങൾ ഇതിനു് ഉത്തമസാക്ഷികളാണു്. ഇതു് പോരെന്നുള്ളവർ ആധുനികലോകത്തിന്റെ ഗതിയെ അല്പമെങ്കിലും ഒന്നു് സൂക്ഷിച്ചു് നോക്കട്ടെ. ഇപ്രകാരമുള്ള പരിവർത്തനദശയിൽ മാനുഷ്യവംശത്തിനു് ആദർശപുരുഷന്മാരും സംരക്ഷകന്മാരും അത്യന്താപേക്ഷിതമാണു്. സമുദായം എന്തെന്നില്ലാതെ കലങ്ങിവശായിരിക്കുന്ന ഇത്തരുണത്തിൽ വി. യൗസേപ്പുപിതാവിനെപ്പോലെയുള്ള വേറൊരു ശ്രേഷ്ഠസംരക്ഷകനെ ലഭിക്കുക ദുസ്സാധമത്രെ.

അനന്യസാധാരണനായ ഈ പുണ്യാത്മാവിന്റെ മഹത്ത്വം, പൈതൃകവാത്സല്യം, കന്യാവ്രതം മുതലായവയെപ്പറ്റി എങ്കിലും നമുക്കു് അല്പം ധ്യാനിക്കാം

മാംസമാവാനിരുന്ന ദൈവവചനത്തെപ്പറ്റി ചില വിശേഷജ്ഞാനങ്ങൾ സമ്പാദിച്ചതുകൊണ്ടു് ഗോത്രപിതാക്കന്മാരേയും പ്രവാചകന്മാരേയും നാം സൗഭാഗ്യവാന്മാരായി ഗണിക്കുന്നു. എന്നാൽ വി. യൗസേപ്പുപിതാവാകട്ടെ മനുഷ്യനായ ദൈവവചനത്തെ അറിയുകമാത്രമല്ല, തന്നെ അഭിമുഖമായി ദർശിക്കുകയും തന്റെ കൂടെ പലവർഷങ്ങൾ വസിച്ചു് അന്നവസ്ത്രാദികൾ കൊണ്ടു് തീറ്റിപോറ്റുക കൂടേയും ചെയ്തു. സൂര്യൻ ജോഷ്വായുടെ ശാസനയ്ക്കു് കീഴ്വഴങ്ങിയതായി പഴയനിയമം ഘോഷിക്കുന്നു. എന്നാൽ ഈ സൂര്യന്റേയും മറ്റുസകലത്തിന്റേയും സ്രഷ്ടാവത്രെ വി. യൗസേപ്പിനെ അനുസരിച്ചതു്. ഈശോ 'തന്റെ മകനായി' അറിയപ്പെട്ടിരുന്നു. അപ്പസ്തോലന്മാരും മറ്റും 'ക്രിസ്തുവിന്റെ ദാസന്മാർ' എന്നു വിളിക്കപ്പെട്ടു. എന്നാൽ വി. യൗസേപ്പിനെ ആകട്ടെ 'ക്രിസ്തുവിന്റെ പിതാവെ'ന്നത്രെ നാം നാമകരണം ചെയ്യുന്നതു്.

ഇതു മഹാനായ ഒരു പിതാവിന്റെ സ്ഥാനവിശേഷം കാണുമ്പോൾ തന്റെ മക്കളായിരിക്കുന്ന നമ്മുടെ ഭാഗ്യം എത്ര അതിരറ്റതു്. വി. പൗലോസ്സു ലേഖനപ്പെടുത്തിയിരിക്കുന്നതു് ''നിങ്ങൾ വീണ്ടും ദാസ്യവൃത്തിയുടെ അരൂപി അല്ല സ്വീകരിച്ചിരിക്കുന്നതു്, പ്രത്യുത പുത്രീകരണത്തിന്റെ അരൂപി അത്രെ. ആകയാൽ പിതാവേ എന്നു് നാം വിളിക്കുന്നു'' എന്നാണു്. ആകയാൽ വി. യൗസേപ്പു് തന്റെ മഹാസ്ഥാനത്തിനു് അനുസരണമായി വ്യാപരിച്ചതുപോലെ നാമും വർത്തിക്കുന്നതിനു് ഈ വിശുദ്ധന്റെ മാതൃക ഒരു പ്രേരകമായി ഭവിക്കട്ടെ.

ഈ വന്ദ്യപിതാവിൽ സവിശേഷം പ്രകാശിക്കുന്ന വേറൊരു ഗുണം പൈതൃകവാത്സല്യമാണു്. ദിവ്യശിശുവിന്റെ ജീവനെ പരിപാലിക്കുന്നതിൽ താൻ പ്രദർശിപ്പിച്ച താല്പര്യം നോക്കുക. ശിശുവിനു് അപാ

യം നേരിടാൻ പോവുന്ന എന്നു് ദൈവദൂതൻ അറിയിച്ച രാത്രിയിൽത്തന്നെ, ഇസ്രായേൽക്കാരുടെ ബദ്ധശത്രുക്കളായ ഈജിപ്തുകാരുടെ മധ്യേ കാലം കഴിച്ചുകൂട്ടാൻ പുറപ്പെട്ടതു്. ദിവ്യബാലൻ നഷ്ടപ്പെട്ടപ്പോൾ തനിക്കുണ്ടായ വ്യാകുലാധിക്യം എത്ര ദുർവഹമായിരുന്നുവെന്നു് "മകനേ, എന്തുകൊണ്ടു് ഇപ്രകാരം ഞങ്ങളോടു് നീ വർത്തിച്ചു? ഇതാ നിന്റെപിതാവും ഞാനും സങ്കടത്തോടെ നിന്നെ അന്വേഷിച്ചിരുന്നു" എന്നു പരിശുദ്ധകന്യകയുടെ വാക്കുകളിൽ നിന്നു് നമുക്കു് സംഗ്രഹിക്കാം.

ക്രിസ്തീയ മാതാപിതാക്കന്മാർ സർവദാ പകർത്തേണ്ട ഒരു ആദർശമാണു് നാം ഇവിടെ കാണുന്നതു്. സ്വർഗീയപൗരന്മാരെ അഭ്യസിപ്പിക്കുന്നതിൽ ഇവർക്കുണ്ടാകുന്ന ക്ലേശങ്ങളും അവരുടെ നിത്യസമ്പത്തായിരിക്കും. "നിങ്ങളും നിങ്ങളുടെ സന്താനങ്ങളുടെ അപ്പസ്തോലന്മാരാകുന്നു. നിങ്ങളുടെ ഭവനം ദേവാലയവുമാകുന്നു. വൈദികന്മാരായ നിങ്ങളും അവരെ പരിപാലിക്കുകയും അവരെപ്പറ്റി കണക്കുബോധിപ്പിക്കുകയും ചെയ്യേണമെങ്കിൽ, ദൈവം നിങ്ങളുടെ വീട്ടിലേയ്ക്കു് അയച്ചിരിക്കുന്ന ഇവരെക്കുറിച്ചു് എത്രവലുതായ ഒരു കണക്കു് നിങ്ങളും കൊടുക്കേണ്ടിവരും" എന്നു് ക്രിസോസ്തോമസ് എന്ന പുണ്യവാൻ പറയുന്നു.

ഒരു ലിലിപുഷ്പം പിടിച്ചിരിക്കുന്നവനായിട്ടാണു് വി. യൗസേപ്പു് സാധാരണയായി ചിത്രിക്കപ്പെടുന്നതു്. ലിലിപുഷ്പത്തിന്റെവെള്ളനിറം തന്റെ കന്യാത്വത്തിന്റെ അടയാളമാണു്. തന്റെ കൗമാരം നഷ്ടപ്പെടുത്തുന്നതിനെക്കാൾ പൂവ്യൗസേപ്പു് ഇഷ്ടപ്പെട്ടതു് കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നതിനും മരണം വരിക്കുന്നതിനുമാണു്. എന്നാൽ വിവാഹബന്ധനായ നമ്മുടെ പിതാവു് മരണത്തോളം ഇതിനെ പാലിച്ചു എന്നറിയുമ്പോൾ നമ്മുടെ ആശ്ചര്യവും ഏതാട്ടുശയതിവർണനെക്കുറിച്ചുള്ള മതിപ്പും എത്ര സീമാതീതമായിരിക്കണം. വി. യൌസേപ്പുപിതാവിനെ അനുകരിച്ചു് കന്യാത്വം അനുഷ്ഠിക്കുന്ന അത്മാക്കളും സൗഭാഗ്യവാന്മാർ തന്നെ. ഈ പുണ്യം മനുഷ്യന്റെ ബലഹീനതയിൽ നിന്നു് ഉയർത്തി സാകല്യേന അവനെ അലംകരിക്കുന്നു. വി. ഗ്രിഗോരിയോസു് പറയുന്നതു പോലെ "കന്യാവ്രതക്കാർ അവരുടെ ഭൗതികശരീരത്തിൽ മാലാഖാമാരുടെ ജീവിതം നയിക്കുകയത്രെ ചെയ്യുന്നതു്". ദൈവദൂതന്മാർക്കു് നൈസർഗികമായ ഈ ഗുണം സ്വപ്രയത്നത്താൽ സമ്പാദിക്കുന്നതു കൊണ്ടു് ഇക്കൂട്ടർ ദൈവദൂതരെക്കാളും പ്രശംസാർഹരാണു്. ഈ അവസ്ഥ കൈവരിക്കാൻ ഇടയാകുന്നവർ ഇതു് ഒരു മഹാഭാഗ്യം ആയിഗണിക്കട്ടെ. അല്ലാത്തവർ അവരവരുടെ അന്തസ്സിൻപ്രകാരം ഇതിനെ നിറവേറ്റി വി. യൗസേപ്പുപിതാവിന്റെ കണ്ണിലുണ്ണികളായിത്തീരുവിൻ.

മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പ്.

(വി. മത്തായിയുടെ സുവിശേഷം 27-ാം അദ്ധ്യായം)

അവൻ ക്രൂശിക്കപ്പെടട്ടെ!

എന്നാൽ കലഹം വർദ്ധിക്കുന്നതല്ലാതെ ശമിക്കുന്നില്ല
എന്നു പീലാത്തോസു കണ്ടു, വെള്ളം എടുത്തു
ജനത്തിന്റെമുമ്പാകെ കൈകഴുകി.

ഈ നീതിമാന്റെ രക്തത്തിൽ ഞാൻ കുറ്റമില്ലാത്തവനാകുന്നു.

നിങ്ങൾ (തന്നെ) കണ്ടുകൊൾവിൻ എന്നു പറഞ്ഞു.
എന്നാൽ ജനം ഒക്കെയും ഉത്തരമായി:

അവന്റെരക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും

ആയിരിക്കട്ടെ എന്നുപറഞ്ഞു . . . . . പിന്നെ അവർ അങ്ങേ
വസ്ത്രങ്ങൾ ഉരിഞ്ഞു ഒരു ചുവന്നമേൽക്കുപ്പായം അങ്ങയെ ധരിപ്പിച്ചു. അവർ
ഒരു മുൾമുടി ഉണ്ടാക്കി അങ്ങയുടെതലയിൽവച്ചു, അങ്ങയുടെവലതുകയ്യിൽ
ഒരു ഞാങ്ങണയും (കൊടുത്തു), പിന്നെ അവർ തന്റെമുമ്പാകെ മുട്ടുകുത്തി:

യൂദന്മാരുടെരാജാവേ! വാഴുക!!

എന്നുപറഞ്ഞു അങ്ങയെ പരിഹസിച്ചിരുന്നു.
പിന്നിട്ടു അവർ തന്റെമേൽ തുപ്പി, ആ ഞാങ്ങണഎടുത്തു
അങ്ങേതലയിൽ അടിക്കയുംചെയ്തിരുന്നു.
ഇപ്രകാരം അവർ അങ്ങയെ പരിഹസിച്ചശേഷം തന്നിൽനിന്നും
ആ വസ്ത്രം നീക്കി, അങ്ങയുടെ സ്വന്തവസ്ത്രങ്ങൾ ഉടുപ്പിച്ചു

കുരിശിൽതറയ്ക്കുന്നതിനു കൂട്ടിക്കൊണ്ടുപോയി.

പിന്നെ അവർ ഗാഗുൽത്താ,
അതായതു കപാലസ്ഥലംഎന്നു പറയപ്പെട്ടസ്ഥലത്തു വന്നു.
എന്നാൽ അങ്ങയെ കുരിശിൽ തറച്ചു
ശേഷം, അങ്ങയുടെ വസ്ത്രങ്ങളെ ചിട്ടിയിട്ടുഭാഗിച്ചു
(ഇതു) ഏതൻവസ്ത്രങ്ങൾ അവർ ഭാഗിച്ചെടുക്കുകയും ഏതിന്റെ
ഉടുപ്പിന്മേൽ ചിട്ടിയിടുകയുംചെയ്തു, എന്നു ദീർഘദർശിയാൽ പറയപ്പെട്ടതു
നിവൃത്തിയാകേണ്ടതിനു (ആയിരുന്നു.) അപ്പോൾ ആറാമത്തെ മണിക്കൂർ
മുതൽ ഒൻപതാം മണിക്കൂർവരെ ഭൂമിയിലെങ്ങും അന്ധകാര
മുണ്ടായി. പിന്നെ ഏകദേശം ഒൻപതാം മണിക്കു
യേശു വലിയസ്വരത്തിൽ നിലവിളിച്ചു,
ഏലി, ഏലീലാമാസ്സഭക്താനി? അതാവിതു;

എന്റെദൈവമേ! എന്തുകൊണ്ടു നീ എന്നെ കൈവിട്ടു?

എന്നു അർത്ഥമുള്ളതായ്തു.

യേശുവീണ്ടും വലിയസ്വരത്തിൽ നിലവിളിച്ചു ജീവൻവിട്ടു.

അപ്പോൾ ഇതാ ദേവാലയത്തിന്റെ തിരശ്ശീല മേൽ നിന്നു കീഴോളം
രണ്ടായികീറിപ്പോയി; ഭൂമികുലുകയും പാറകൾ പിളരുകയും ചെയ്തു.

രണ്ടു ശിശുക്കൾ.

പയ്യനാട്ടു പൈ. ബി. യൗസേപ്പു ക.

യൂദയാദേശത്തെങ്ങും ഗ്രീഷ്മകാലം ആരംഭിച്ചിരിക്കുന്നു. അംശുമാൻ ഭാസുരമായ മയൂഖങ്ങൾ നാനാഭാഗത്തേക്കും വീശുന്നുണ്ട്. മണി ഏകദേശം പതിനൊന്നായിരിക്കുന്നു. പാന്ഥന്മാർ വൃക്ഷച്ഛായകളിലും വഴിയരികിലുള്ള വീടുകളിലും വിശ്രമം അനുഭവിക്കുന്നു. ഈ അവസരത്തിൽ ഒരു വയോവൃദ്ധനായ സാധു, വഴിയിൽക്കൂടിനമ്രശിരസ്കനായി സൂര്യോഷ്ണത്തിനെ വിഗണിച്ചു് മെല്ലെമെല്ലെ പ്രയാണം ചെയ്യുന്നു. അയാളുടെ പാദവിന്യാസം വീക്ഷിച്ചാൽ ദൂരെദിക്കിൽ നിന്നു വരുന്നവനാണെന്നു തോന്നും. അയാളുടെ ദേഹത്തിൽ നിന്നു് ഒലിക്കുന്ന സ്വേദകണങ്ങളും വഴിയിലുള്ള പാംസുക്കളും പാനം ചെയ്തു് തൃപ്തിയടയുന്നു. ഈ പാന്ഥന്റെ പാശ്ചാത്തിൽക്കൂടി ഒരു ഗർദ്ദഭം മന്ദഗതിയിൽ ചരിക്കുന്നുണ്ട്. അതിന്റെ ഉപരിഭാഗത്തു് യൌവ്വനയുക്തയും മനോജ്ഞയുമായ ഒരു തരുണീമണി അതിസുഭഗനായ സപ്തശിശുവിനെ വഹിച്ചുകൊണ്ടു് ആരൂഢയായിരിക്കുന്നു. എവിടെയെങ്കിലും ഇറങ്ങി, ഇങ്ങനാശ്വസിച്ചശേഷം പോയാൽ മതിയെന്നുള്ള ഭാവത്തിൽ മൃദുവദനനായ ശിശു മാതാവിനെ നോക്കി മധുര സ്വരത്തിൽ എന്തൊക്കെയോ അലാപിക്കുന്നു:—സൂര്യാതപശമനാനന്തരം നമുക്കു യാത്ര തുടർന്നാൽ പോരയോ? അടുത്ത കൂടിലിൽ സൌകര്യമുണ്ടെങ്കിൽ കുറച്ചു വിശ്രമിക്കാമെന്നു്, ആ സുന്ദരാംഗി വൃദ്ധനോടു് വളരെ സങ്കോചത്തോടുകൂടി പറയുന്നു. വൃദ്ധൻ ഉടനെ അടുത്ത കൂടിലിൽ പ്രവേശിച്ചു് വീട്ടുടമസ്ഥയോടു് അനുമതി വാങ്ങി, ശിശുവിനെയും മാതാവിനെയും കൂടിലിലേക്കാനയിക്കുന്നു. ആഗതർ ആ വീട്ടിൽ ഒരു ശിശുവിനെക്കാണുന്നു. അനന്തരം, കുറച്ചു വെള്ളം കിട്ടിയാൽ കൊള്ളാം; എന്റെ ശിശുവിനെ കുളിപ്പിച്ചാൽ നന്നായിരുന്നുവെന്നു് വളരെ വിനീതഭാവത്തിൽ ആഗതയായ സ്ത്രീപറ

ഞ്ഞു. ഉടനെഗൃഹനായിക വളരെ ആദരവോടുകൂടി ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവന്ന കൊടുക്കയും അതിഥി കട്ടിയെ കുളിപ്പിയ്ക്കാൻ തുടങ്ങുകയുംചെയ്തു. ഗൃഹനായിക ശിശുവിന്റെ കൈക്കുപിടിച്ചു് ചുംബനം ചെയ്യുന്നു. ഇവൻ എത്രയോശ്രേഷ്ഠപദവിയുള്ളവനാകുന്നു! ഇവന്റെ നാമധേയമെന്താകുന്നുവെന്നു്, ആവേശത്തോടുകൂടി അവരം ചോദിച്ചു. ഈശോയെന്നാകുന്നുവെന്നു് മറിയം മറുപടി പറഞ്ഞു. പ്രക്ഷാളനാനന്തരം ആ ഗൃഹത്തിലെ ശിശുവിന്റെ സാമീപ്യം പ്രാപിച്ചു മറിയം, അവനെ കയ്യിലെടുത്തുകൊണ്ടു് അവന്റെ നാമധേയമെന്താണെന്നു് ചോദിക്കുന്നു. ഡിസ്മാസ് എന്നു ഗൃഹനായിക ഉത്തരം പറയുന്നു. പ്രത്യുത്തരമായിട്ടു് മറിയം അവനെ അനുഗ്രഹിച്ചു് കുറച്ചാശ്വസിച്ചശേഷം പാന്ഥന്മാർ പ്രയാണം തുടരുന്നു. ആ കാലത്തിൽ ആ ദേശങ്ങളിൽ വെള്ളത്തിനു വളരെ ദുർഭിക്ഷം നേരിട്ടിരുന്നു. ഇതു് ഹേതുവാൽ ഈശോയെ കുളിപ്പിച്ച വെള്ളംകൊണ്ടുതന്നെ ഡിസ്മാസിനെയും കുളിപ്പിക്കുന്നു.

* * * * * * * * * *

ദിനേശൻ വ്യോമയാനം ചെയ്യുന്നതായി കാണപ്പെടുന്നു. എങ്കിലും കാൽവറി മലപ്പുറം അന്ധകാരനിബദ്ധീകൃതമായ്ത്തീരുന്നു. ശീതളമാരുതൻ സർവത്ര ചുറ്റി അടിക്കുന്നു. ഡിസ്മാസ് നിതരാം ഭയപ്പെടുന്നു. തസ്ക്കരനെന്ന കാരണത്താൽ കുരിശിൽ തൂക്കപ്പെടുന്നു. അവനും ഗെസ്ത്താസ് എന്നു പേരുള്ള മറെറാരു തസ്ക്കരനും ഈശോയെന്നഭിധാനമുള്ള ഒരു മനുഷ്യനോടുകൂടി കുരിശിൽ നിര്യാതരാകാനുള്ള സമയം ആസന്നമായിരിക്കുന്നു. ഡിസ്മാസിനു ജഡസംബന്ധമായ വേദനയേക്കാൾ മാനസികവേദന അതി ദുസ്സഹമായിരിക്കുന്നു. അധഃസ്ഥിതരായ ജനം, ഈശോയോടു "നീ ദൈവസുതനാകുന്നുവെങ്കിൽ താഴെ ഇറങ്ങുക. നിന്റെ മാലാഖാമാർ നിന്നെ കാത്തുകൊള്ളുമെന്നു പറയുന്നു; പിന്നെ 'നീദൈവപുത്രനാകുന്നുവെങ്കിൽ നിന്നെയും ഞങ്ങളെയുംരക്ഷിക്കുക" എന്നു് ഗെസ്ത്താസും ഈശോയോടു നിന്ദ്യമായ്പറയുന്നു. ആക്ഷേപസൂചകവും നിന്ദാവഹവുമായ ഈ വചനങ്ങളാൽ ഡിസ്മാസിനെ വ്യാകുലാധിക്യത്തിൽ മഗ്നമാക്കുന്നു. ഈശോ ദൈവപുത്രനാകുന്നുവെന്നു പറയപ്പെടുന്നതു് ഡിസ്മാസ് പൂ

ക്രീസ്തനാഥന്റെ ക്രൂശ്ബലി.

(ഫാദർ തോമ്മസ്സ് മണ്ണഞ്ചേരി)

"ഞാൻ ഭൂമിയിൽനിന്നും ഉയർത്തപ്പെട്ടുമ്പോൾ സകലത്തെയും എന്റെ പക്കലേക്ക് ആകർഷിക്കും" എന്ന് നമ്മുടെ കർത്താവ് ഒരിക്കൽ അരുളിച്ചെയ്കയുണ്ടായല്ലൊ. ഇതു് അവിടുത്തെ മരണം ഏതുവിധമുള്ളതായിരുന്നുവെന്നു് നേരത്തെതന്നെ സൂചിപ്പിക്കുകയായിരുന്നുവെന്നു് വി. യോഹന്നാൻ സുവിശേഷകൻ പ്രസ്താവിച്ചിരിക്കുന്നു. മ്ശിഹാ ഭൂമിയിൽനിന്നും ഉയർത്തപ്പെട്ടുകഴിഞ്ഞതിനുശേഷം — അവിടുന്ന് ക്രൂശിൽ തറയ്ക്കപ്പെട്ടുകഴിഞ്ഞതിനുശേഷം മനുഷ്യജാതിയെ അപ്രതിഹതമായ ശക്തിയോടുകൂടി എല്ലാ കാലങ്ങളിലും തന്റെ പക്കലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. ക്രൂശിതനായ ക്രിസ്തുവിനെ ആരാധിക്കുന്നവരായി ഇന്നു് ഭൂമുഖത്തു അവപ

ണ്ണാഹൃദയത്തോടുകൂടി വിശ്വസിക്കുന്നു. അവൻ ഗസ്ത്താസിനോടു്, നാം ശിക്ഷാർഹരാകയാൽ ഏവംവിധമായ നിന്ദ്യാണത്തിനു സർവ്വഥാ യോഗ്യന്മാരാകുന്നു. ഈ മനുഷ്യനോ, കുറ്റമില്ലാത്തവനാകുന്നുവെന്നു പറയുന്നു. അനന്തരം ഈശോയുടെ നേരെ നോക്കുവാൻ തന്റെ തലതിരിക്കുന്നു. ഈശോയും അവനെ നോക്കുവാൻവളരെ പണിപ്പെട്ടു് സാവധാനത്തിൽ തിരിയുന്നു. സ്നേഹമസൃണവും അനുഗ്രഹീതവുമായ ആ വീക്ഷണത്താൽ അവന്റെ ഹൃദയം പാപത്തെപ്പറ്റിയുള്ള ക്ലേശംകൊണ്ടും വെറുപ്പാലും പൂരിതമാകുന്നു.

"നീ നിന്റെ സ്വർഗ്ഗരാജ്യത്തിൽ ചെന്നുചേരുമ്പോൾ എന്നെയും ഓർക്കണമേ" എന്നവൻ സങ്കടത്തോടുകൂടി വിളിച്ചു പറയുന്നു. വീണ്ടും ഈശോ അവന്റെ മേൽ കണ്ണോടിക്കുന്നു. അവനെയിപ്പോൾ മനസ്താപപ്പെട്ട തസ്ക്കരനായിട്ടു മാത്രമല്ല, ശിശുവായ ഈശോ പ്രക്ഷാളനം ചെയ്യപ്പെട്ട വെള്ളത്തിൽ അവനും കഴുകപ്പെട്ടതായും തന്റെ മാതാവു് അവനെ തൊട്ടനുഗ്രഹിച്ചതായും കാണുന്നു. പിന്നീടു് അവനോടു്, ഇന്നു എന്നോടുകൂടെ നീ പറുദീസായിലാകും, എന്നരുളിച്ചെയ്യുന്നു.

തുകോടിയിൽപരം ജനങ്ങളെ നാം കാണുന്നു. ഇവരിൽ അനേകംപേർ ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം സ്വന്തജീവനെപ്പോലും ഉപേക്ഷിക്കുന്നതിനു സന്നദ്ധരാണെന്നുള്ളതു് തർക്കമറ്റ കാര്യമത്രെ. മെക്സിക്കോയിലും റഷ്യയിലും നടന്നുകൊണ്ടിരിക്കുന്ന മതപീഡനങ്ങൾതന്നെ ഇതിന്റെ യാഥാർത്ഥ്യത്തെ തെളിയിക്കുന്നു. ക്രൂശിൽനിന്നുള്ള ക്രിസ്തുവിന്റെ സമാകർഷണമത്രെ മനുഷ്യജാതിയെ തനിക്കു് വേണ്ടി ത്യാഗങ്ങളും കഷ്ടതകളും സഹിക്കുന്നതിനു് എല്ലാക്കാലങ്ങളിലും പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതു്. "ദൈവം ഒരു മരത്തിൽ കിടന്നുകൊണ്ടു് മരണം നടത്തുന്നു" എന്ന പ്രവാചകൻ എഴുതിയിട്ടുള്ളതിന്റെ അർത്ഥം ലോകപരിത്രാണനാർത്ഥം ക്രൂശിതനായ ക്രിസ്തുനാഥൻ, മനുഷ്യഹൃദയങ്ങളിൽ തന്റെ സ്നേഹത്തിന്റെ അതിരറ്റ ശക്തിനിമിത്തം മരണം നടത്തിക്കൊണ്ടിരിക്കുന്നുവെന്നത്രെ. ക്രൂശിൽനിന്നുള്ള ക്രിസ്തുവിന്റെ സന്ദേശം ലോകത്തോടുള്ള തന്റെ സീമാതീതമായ സ്നേഹത്തിന്റെ സന്ദേശമല്ലാതെ മറെന്താണു്? "ദൈവം തന്റെ ഏകപുത്രനെ ലോകത്തിനു് കയ്യാളിക്കത്തക്കവണ്ണം ലോകത്തെ അത്രയധികം സ്നേഹിച്ചു." (യോഹ. ൩. ൧൬.) ഈ വാക്യത്താൽ ക്രിസ്തുവിന്റെ ക്രൂശ്മരണം മർത്യവംശത്തോടുള്ള തന്റെ സ്നേഹാധിക്യത്തിന്റെ ഫലമായിരുന്നുവെന്നാണല്ലൊ അവിടുന്നു് സാക്ഷ്യപ്പെടുത്തുന്നതു്. തന്റെ മരണത്തെപ്പറ്റി ശിഷ്യഗണത്തോടു പ്രസ്താവിച്ചവേളയിൽ "ഒരുവൻ തന്റെ സ്നേഹിതന്മാർക്കുവേണ്ടി സ്വന്തജീവനെ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലാ" (യോഹ. ൧൫. ൧൩.) എന്നതെ ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നതു്. ലോകപരിത്രാണനാർത്ഥം മർത്യാവതാരം ചെയ്ത ക്രിസ്തു തന്റെ മരണം വഴിയായിട്ടതന്നെ ലോകരക്ഷയെ പൂർത്തിയാക്കാമെന്നു് നിശ്ചയിച്ചു. ഇതു മനുഷ്യവംശത്തോടുള്ള തന്റെ നിസ്തീമസ്നേഹം നിമിത്തമാണെന്നുള്ളതു് നിഷേധിക്കുവാൻ ആർക്കു കഴിയും. ലോകോദ്ധാരണാർത്ഥമുള്ള ക്രിസ്തുവിന്റെ ക്രൂശ്മരണം നിത്യകാലം മുതല്ക്കുള്ള ദൈവത്തിന്റെ നിശ്ചയങ്ങളിൽ ഒന്നായിരുന്നുവെന്നുള്ളതു് നാം ഭക്തിപൂർവ്വം ചിന്തിക്കയും കൃതജ്ഞതാപുരസ്സരം സദാപി സ്മരിക്കയും ചെയ്യേണ്ട ഒരു സത്യമാകുന്നു. വാസ്തവത്തിൽ ക്രിസ്തുനാഥൻ മർത്യാവതാരം ചെയ്തതു് ലോകരക്ഷക്കുവേണ്ടി സ്വന്തജീവനെ ബലിയർപ്പിക്കുന്നതിനുവേണ്ടി മാത്രമായിരുന്നുവെന്നു് നമുക്കു നിസ്സംശയം പ്രസ്താവിക്കാൻ കഴിയും. ദിവ്യരക്ഷകൻ ലോകപരിത്രാണനാർത്ഥമുള്ള തന്റെ ക്രൂശ്ബലിയെ നിർവ്വഹിക്കുന്നതിനു് എത്രയോ തീവ്രമായി ആഗ്രഹിച്ചുകൊണ്ടിരുന്നുവെന്നു് തന്റെ മരണത്തിനു മുമ്പു് പലപ്പോഴും വെളിപ്പെടുത്തിയിട്ടുണ്ടു്. "എനിക്കൊരു മാമ്മോദീസാ ഉണ്ടു്. അതു പൂർത്തിയാകുന്നതുവരെ ഞാൻ എത്രയോ ഞെരുങ്ങുന്നു?" (ലൂക്കാ. ൧൨. ൫൦). എന്നു് ദിവ്യരക്ഷകൻ അരുളിച്ചെയ്തതു്

തന്റെ കഷ്ടാനുഭവത്തെയും മരണത്തെയും ഉദ്ദേശിച്ചായിരുന്നുവെന്നു സ്പഷ്ടമാണല്ലൊ. ഇതുപോലെതന്നെ "മൂശ, വനത്തിൽവെച്ചു് സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും തന്നിൽ വിശ്വസിക്കുന്നവരിൽ ഒരുവനെങ്കിലും നശിക്കാതെ നിത്യായുസ്സു പ്രാപിക്കേണ്ടതിനായി ഉയർത്തപ്പെടേണ്ടിയിരിക്കുന്നു." (യോഹ. ൩. ൧൪) എന്നു് പ്രസ്താവിച്ചുകൊണ്ടു് തന്റെ മരണം മർത്യരക്ഷയ്ക്കു് എത്രയോ ആവശ്യവും പ്രയോജനകരവും ആണെന്നു് അവിടുന്നു് സ്ഥാപിച്ചിരിക്കുന്നു.

അതിനാൽ ക്രീസ്തനാഥന്റെ കഷ്ടാനുഭവങ്ങളും മരണവും യഥാർത്ഥമായുടെ ദുഷ്ടതനിമിത്തം സംഭവിച്ച ഒരു യാദൃശ്ചികസംഭവമല്ലെന്നും പ്രത്യുതയഥാർത്ഥമായുടെ ഹൃദയകാഠിന്യത്തെ ക്രീസ്തുവിന്റെ ഉദ്ദേശസാദ്ധ്യത്തിനു് ഒരു പ്രകരണമാക്കുക മാത്രമാണു് ചെയ്തിട്ടുള്ളതെന്നും വ്യക്തമാകുന്നു. ക്രീസ്തു സ്വജീവനെ ക്രൂശിൽ ബലിയായി സമർപ്പിച്ചതു് മർത്യവംശത്തിന്റെ പാപപരിഹരണത്തിനും നിത്യനാകശിക്ഷയിൽ നിന്നുള്ള സമുദ്ധാരണത്തിനും വേണ്ടിയായിരുന്നു. ക്രീസ്തുവിന്റെ ക്രൂശ്മരണം വഴിയായിട്ടു മാത്രമാണു് മർത്യവംശത്തിനു് പാപമോചനവും ഏതുമൂലം സ്വർഗ്ഗപ്രവേശനത്തിനുള്ള അവകാശവും സിദ്ധിച്ചിരിക്കുന്നതെന്നുള്ളതു് ക്രൈസ്തവമതത്തിന്റെ മൌലികതത്ത്വങ്ങളിൽ ഒന്നാകുന്നു. ക്രൂശ്മരണം വഴിയായിട്ടല്ലാതെയും ക്രീസ്തുവിനു് ലോകപരിത്രാണനം നിർവ്വഹിക്കാമായിരുന്നുവെന്നുള്ളതു് വാസ്തവം തന്നെ. എന്നാൽ ക്രൂശ്മരണംവഴിയായിട്ടുള്ള ലോകോദ്ധാരണം നമുക്കു് ഊഹിക്കാൻ പാടുള്ളതല്ല, മാറ്റങ്ങളെ അപേക്ഷിച്ചു് അത്യുത്തമവും സംപൂജനീയവും ആയിരിക്കുന്നുവെന്നതെ കത്തോലിക്കാസഭയുടെ വേദശാസ്ത്രപാരംഗതന്മാരിൽ അഗ്രഗണ്യനായ വി. തോമ്മാ മല്പാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്. എന്തെന്നാൽ ക്രീസ്തുവിന്റെ ക്രൂശ്മരണംവഴിയായി ദൈവം തന്റെ സ്നേഹാധിക്യത്തെ ലോകത്തിനു വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിനു് മർത്യവംശത്തോടുള്ള നിസ്സീമസ്നേഹത്തെ വെളിപ്പെടുത്തുന്നതിനു് ഇതിനേക്കാൾ ഉത്തമമായമാർഗ്ഗം വേറെയില്ലായെന്നു് സമ്മതിച്ചേകഴിയൂ. "നാം പാപികളായിരിക്കവെ ക്രീസ്തു നമുക്കുവേണ്ടി മരിച്ചതുകൊണ്ടു് ദൈവം തന്റെ സ്നേഹാധിക്യത്തെ നമുക്കു് കാണിച്ചുതരുന്നു." (റോമ്മാ. 5. 7.) എന്നു് വി. പൌലോസ് അപ്പസ്തോലൻ പ്രസ്താവിക്കുന്നു. ക്രീസ്തു ലോകത്തിന്റെ പാപപരിഹരണാർത്ഥം അവർണ്ണനീയമായ പീഡകളും സഹിച്ചു് ക്രൂശ്മരണംഅനുഭവിച്ചതുകൊണ്ടു് പാപത്തിന്റെ കാഠിന്യവും ദുഷ്ടതയും എത്രയോ ഭയങ്കരമെന്നു് ഗ്രഹിക്കുന്നതിനും പാപത്തെ നിശ്ശേഷം ഉപേക്ഷിച്ചു് സുകൃതജീവിതം അനുഷ്ഠിക്കേണ്ടതു് എത്രയോ ആവശ്യമെന്നു് മനസ്സിലാക്കുന്നതിനും നമുക്കു് നിഷ്പ്രയാസേന സാധിച്ചിരിക്കുന്നു. ഇതിനുംപുറമെ ക്രീ

സ്സുവിന്റെ പീഡാനുഭവവേളയിലും ക്രൂശ്മരണത്തിലും അവിടുന്ന് പ്രദർശിപ്പിച്ച മഹനീയമായ സുകൃതദൃഷ്ടാന്തങ്ങളും ലോകത്തിലേക്കു വന്ന സകലമാന മനുഷ്യർക്കും അനുകരണീയമായ ഒരു വിശിഷ്ടമാതൃകയായി പരിലസിക്കുന്നുണ്ട്. ഇവയെല്ലാമാണ് ക്രിസ്തുവിന്റെ ക്രൂശ്മരണംവഴിയായുള്ള ലോകോദ്ധാരണത്തിന്റെ മാഹാത്മ്യത്തെ സ്ഥാപിക്കുന്നതിന്ന് മഹാന്മായ വി. തോമ്മാമല്ലാൻ കൊണ്ടുവരുന്ന മുഖ്യന്യായങ്ങളും.

മിശിഹാ ക്രൂശിൽതറയ്ക്കപ്പെട്ടുകഴിഞ്ഞതിനുശേഷം തന്റെ രാജ്യത്തെ വിസ്തീർണ്ണപ്പെടുത്തുന്നതിനും മനുഷ്യഹൃദയങ്ങളിൽ തന്റെ ആധിപത്യം സ്ഥാപിക്കുന്നതിനും അവതന്റെ രക്ഷയുടെ മഹനീയഫലങ്ങളിൽ ഭാഗഭാക്കുകളാക്കുന്നതിനും തുടങ്ങി. വി. അഗുസ്തീനോസ് സാക്ഷ്യംവഹിക്കുന്നതുപോലെ, ദിവ്യരക്ഷകൻ ക്രൂശിനെ തന്റെ പ്രസംഗപീഠമാക്കിത്തീർത്തുകൊണ്ട് തന്റെ ഉപദേശങ്ങളെയെല്ലാം ഏറ്റംശക്തിമത്തായ ഭാഷയിൽ പ്രഖ്യാപനംചെയ്കയും സ്ഥിരീകരിക്കയുംചെയ്തു. 'ലോകത്തിലേക്കുവരുന്ന സകല മനുഷ്യരേയും പ്രകാശിപ്പിക്കുന്നതിനായിവന്ന' ക്രിസ്തുനാഥൻ, ക്രൂശിൽകിടന്നുകൊണ്ട് സകലമനുഷ്യഹൃദയങ്ങളിലേക്കും തന്റെ ദിവ്യപ്രഭാകിരണങ്ങളെ വീശിക്കൊണ്ടിരിക്കുന്നു. ക്രൂശിൽകിടന്നുകൊണ്ട് ക്രിസ്തുനാഥൻതന്റെ സത്യത്തിന്റെ അജയ്യമായശക്തിയും യാഗപരമായ സ്നേഹവും വെളിപ്പെടുത്തിക്കൊടുക്കുന്നു. അവിടുന്ന് ക്രൂശിൽ ആരോഹണംചെയ്തുകൊണ്ട് ലൌകിക സൌഭാഗ്യങ്ങളുടെ നിസ്സാരതയും ക്ഷണികത്വവും സ്വാർത്ഥഭാഗ്യങ്ങളുടെ മാഹാത്മ്യവും സനാതനത്വവും നരകശിക്ഷയുടെ ഭയങ്കരത്വവും ഉച്ചൈസ്തരം വിളിച്ചറിയിക്കുന്നു.

എന്നാൽദൈവവരത്തിന്റെ ഈ സമാകർഷണത്തെ സ്വീകരിക്കുന്നതിനോ നിഷേധിക്കുന്നതിനോ മനുഷ്യർക്ക് സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യമത്രെ ക്രൂശിതനായ ക്രിസ്തുവിന്റെ നേരെയുള്ള മനുഷ്യരുടെ വിഭിന്നമായ പ്രവർത്തനരീതികൾക്കുള്ള കാരണം. ഇതിനെ അടിസ്ഥാനമാക്കിയത്രെ വി. പൌലോസ് "യൂദന്മാർക്ക് ഇടർച്ചയുണ്ടാക്കുന്ന വിഷയവും പുറജാതികൾക്ക് ഭോഷത്വവുംആയ ക്രിസ്തുവിനെയാകുന്നു ഞങ്ങൾ പ്രസംഗിക്കുന്നതു്" എന്ന് പ്രസ്താവിച്ചിരിക്കുന്നതു്. "എന്നാൽ ഗ്രീക്കുകാരിൽനിന്നും യൂദന്മാരിൽനിന്നും വിളിക്കപ്പെട്ടവരായ അവർക്ക് ക്രിസ്തു ദൈവത്തിന്റെ ശക്തിയും ജ്ഞാനവും ആകുന്നു" (1-കൊറന്തി 1-22) ലോകത്തിലുള്ള മനുഷ്യരെ ഏതെല്ലാം ക്ലാസ്സുകളിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് നിണ്ണയിക്കുന്നതിനുള്ള മാനദണ്ഡം ക്രിസ്തുവിന്റെ കുരിശാകുന്നു. ക്രൂശിതനായ രക്ഷകനെ ഭോഷത്വമായിഗണിക്കുന്നവരും അദ്ദേഹത്തെ തങ്ങളുടെ ഇടർച്ചയുള്ള വിഷയമാക്കിയിരിക്കുന്നവരും ക്രിസ്തുവിന്റെ കുരിശിൽ തങ്ങളുടെ സന്തോഷവും ഭാഗ്യവുംകണ്ടെത്തുന്നവരും ഇങ്ങനെ മൂന്നു വിഭാഗ

ങ്ങളായി തരംതിരിക്കപ്പെടേണ്ട മനുഷ്യർഉണ്ട്. അവസാനംപറഞ്ഞക്രൂട്ടുക്കു് ക്രീസ്തുവിന്റെകുരിശു് ദൈവത്തിന്റെ ശക്തിയും ജ്ഞാനവും ആയിരിക്കുകകൊണ്ടു് അവർ വി. പൌലോസിനോടൊരുമിച്ചു് "നമ്മുടെ കർത്താവായ ക്രീസ്തുവിന്റെ കുരിശിലല്ലാതെ യാതൊന്നിലും സന്തോഷിക്കുന്നതിനു് എനിക്കു് സംഗതിയാകാതിരിക്കട്ടെ" (ഗലാത്താ 6. 14.) എന്നു് വിളിച്ചുപറയുന്നതിനു് എപ്പോഴും സന്നദ്ധരായിരിക്കുക തന്നെ ചെയ്യും.

ക്രീസ്തനാഥന്റെ ക്രൂശ്ബലി ലോകം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടിയാണെന്നും അവിടുന്നു് യഥാർത്ഥത്തിൽ ലോകംമുഴുവന്റെയും പരിത്രാതാവാണെന്നുംഉള്ളതു് അനിഷേധ്യമായ വാസ്തവമാകുന്നു. ക്രീസ്തുവിൽ വിശ്വസിക്കാത്തവരും തന്റെ പരിത്രാണനഫലങ്ങളിൽ ഭാഗഭാക്കുകളാകാത്തവരും ആയ അനവധിയാളുകൾ ഭ്രമിക്കുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ഇതു് ആക്കെങ്കിലും ക്രീസ്തുവിൽ വിശ്വസിക്കാതിരിക്കുന്നതിനോ, അവിടുന്നു് തന്റെ ക്രൂശ്മരണംമൂലം നിവ്വഹിച്ച ലോകപരിത്രാണനസത്യത്തെ നിഷേധിക്കുന്നതിനോ പര്യാപ്തമായകാരണമാകയില്ലായെന്നു് നിശ്ചയംതന്നെ. സൂര്യന്റെ വെളിച്ചത്തെ കാണാത്തവർ ഭ്രമിക്കുന്നുണ്ടെന്നുള്ള കാരണത്താൽ ആ വെളിച്ചത്തിനു് യാതൊരു ന്യൂനതയും ഭവിക്കുന്നില്ലെന്നു് സ്പഷ്ടമാണല്ലൊ. ഇതുപോലെ ലോകപരിത്രാതാവായ ക്രീസ്തുവിനെ അറിയാത്തവരും അവിടുന്നു് കൽവറിമലയിൽ വെച്ചു് നിവ്വഹിച്ച ലോകോദ്ധാരണത്തെ അവിശ്വസിക്കുന്നവരും ആയ ഒട്ടുവളരെയാളുകൾ ഭ്രമിക്കുന്നുള്ളതുകൊണ്ടു് ക്രീസ്തുവിന്റെ ശക്തിക്കൊ മാഹാത്മ്യത്തിനൊ, തന്റെ ക്രൂശ്ബലിയുടെ ഫലപ്രദായകത്വത്തിനൊ യാതൊരു ഹാനിയും ഭവിക്കുന്നില്ലാ എന്നതു് നിസ്സംശയമത്രെ.

എന്നാൽ ക്രീസ്തനാഥൻ ഭൂവതാരം ചെയ്തു മനുഷ്യരക്ഷക്കുവേണ്ടി അവർണ്ണനീയമായ പീഡകളും സഹിച്ചു ക്രൂശ്മരണം അനുഭവിച്ചിട്ടു് പത്തൊമ്പതു ശതവത്സരങ്ങളും അതീതങ്ങളായിട്ടും ക്രീസ്തുവിനെ അറിയാത്ത ജനങ്ങളും ഇന്നും ഭ്രമിക്കുന്നുണ്ടെന്നുള്ളതു് അത്യന്തം പരിതാപകരമായ ഒരു സംഗതിയാകുന്നു. ക്രീസ്തുവിന്റെ ക്രൂശ്മരണത്തിന്റെ പത്തൊമ്പതാം ശതാബ്ദം കത്തോലിക്കാലോകം ആസകലം ആഘോഷിക്കുന്ന ഈ വിശുദ്ധവത്സരത്തിൽ; ലോകത്തിലുള്ള സകലമാന അക്രൈസ്തവരും ക്രീസ്തനാഥൻ അവർക്കുവേണ്ടിക്കൂടെയും ക്രൂശ്മരണം അനുഭവിച്ചുവെന്നും അവിടുന്നു വാസ്തവത്തിൽ ലോകം മുഴുവന്റെയും പരിത്രാതാവാകുന്നുവെന്നും ഉള്ള സത്യത്തെ ഗ്രഹിക്കുന്നതിനു് സംഗതിയാകട്ടെ എന്നു് നമുക്കു് ഹൃദയംഗമമായി പ്രാർത്ഥിക്കാം.

ആശ്വാസപ്രദൻ.

(പ. ദാസൻ.)

ദൈവമായ പരിശുദ്ധാത്മാവിയെക്കൊണ്ടു് ഭൂലോകത്തിനും തന്നിവാസികൾക്കുമുള്ള വലിയ ആവശ്യവും, പരിശുദ്ധാത്മാവിയോടുള്ള പ്രത്യേക സംബന്ധവും കടപ്പാടും ലോകം മനസ്സിലാക്കിത്തുടങ്ങിയതിന്റെ ഫലമായി, മനുഷ്യരുടെ ഇടയിൽ ഈ ദൈവാളിന്റെ നേക്കുള്ള ഭക്തി ഇക്കാലത്തു വർദ്ധിച്ചുവരുന്നതു കാണാറുണ്ടു്. മനുഷ്യന്റെ അന്ധകാരം നിറഞ്ഞ ബുദ്ധിക്കും, തണുത്ത ഹൃദയത്തിനും, വെളിവിന്റേയും ചൂടിന്റേയും അഭാപിയായ പരിശുദ്ധാത്മാവിനെക്കൊണ്ടുള്ള ആവശ്യം എത്രയെന്നു് ഇനിയെങ്കിലും വേണ്ടവണ്ണം ഗ്രഹിച്ചാൽ ഭാഗ്യമായി. പരിശുദ്ധാത്മാവിയെപ്പറ്റി പ്രതിപാദിക്കുന്ന രണ്ടുപുസ്തകങ്ങളും ഇപ്പോൾ മലയാളഭാഷയിൽ ഉണ്ടായിട്ടുള്ളതു് ഇവിടെ ഈ ഭക്തിയുടെ വർദ്ധനവിനു് വളരെ സഹായിക്കും. ഏപ്രിൽമാസം പരിശുദ്ധാത്മാവിക്കു് പ്രതിഷ്ഠിതമാണല്ലൊ. ആ മാസത്തിൽ പരിശുദ്ധാത്മാവിയായ ദൈവത്തെക്കുറിച്ചു ധ്യാനിച്ചു് അങ്ങേ നേക്കുള്ള ഭക്തിയിൽ അടിവെയ്ക്കപ്പെടുന്നതിനും, പിന്നീടു പറയുന്നതിരുനാളിൽ പരിശുദ്ധാത്മാവിയുടെ ദാനങ്ങൾ ധാരാളമായി പ്രാപിക്കുന്നതിനു് തങ്ങളെ തന്നെ ഒരുക്കുന്നതിനുമായി ഭക്തിയുള്ള ആത്മാക്കളെ അനുസ്മരിപ്പിക്കുവാൻ വേണ്ടിയാണു് ഇതെഴുതുന്നതു്.

ദൈവം അരൂപിയും, നിത്യനും, സ്വതന്ത്രനുമാകുന്നു. തന്റെ ഈ ഗുണങ്ങളും മനുഷ്യനും താൻ നൽകി. മനുഷ്യന്റെ ആത്മാവും അരൂപിയായിരിക്കുന്നു. മനുഷ്യാത്മാവിനു് മരണമില്ല. അതു പൂർണ്ണസ്വാതന്ത്ര്യമുള്ളതുമാകുന്നു ഇങ്ങനെയാണു് ദൈവസാദൃശ്യം മനുഷ്യനിൽ പതിഞ്ഞിരിക്കുന്നതു്. ആദത്തെ നിർമ്മിച്ചുകഴിഞ്ഞപ്പോൾ "ഇതാ! ആദം നമ്മിലൊരാളെപ്പോലെയായിത്തീർന്നിരിക്കുന്നു" എന്നു് ദൈവം തന്നെ അരുളിച്ചെയ്തു. (സൃഷ്ടി നു. വ.) പരിശുദ്ധ ത്രീത്വത്തിൽ, തമ്മിൽ ഭേദം തിരിഞ്ഞിരിക്കുന്ന മൂന്നു സ്വതന്ത്ര ആളുകൾ ഉള്ളതുപോലെ മനുഷ്യർ ഓരോരുത്തരും തികഞ്ഞ സ്വാതന്ത്ര്യത്തോടുകൂടിയ വ്യക്തികളായിരിക്കുന്നു. "നാം ദൈവസ്വഭാവത്തിൽ പങ്കുകാരായിരിക്കുന്നു" എന്നു (ൽ പത്രോ. വ. ര) പത്രോസ്ലീഹാ എഴുതിയിരിക്കുന്നതു് മനുഷ്യന്റെ ഈ മഹിമാവസ്ഥയെ ഉദ്ദേശിച്ചാകുന്നു. "ദൈവത്തിന്റെ അരൂപിതന്നെ നമ്മിൽ വസിക്കുന്നു" (റോ. വു–ൻ.) മാത്രമല്ല, "നിങ്ങൾ നിങ്ങളുടേതല്ല, നിങ്ങളുടെ അവയവങ്ങളും പരിശുദ്ധാത്മാവിയുടെ ആലയങ്ങളാകുന്നു." എന്നു (കൊറി. നു–ൻ) അപ്പസ്തോലൻ തിരിച്ചുപറയുന്നു. ആകയാൽ "ദൈവമക്കളുടെ സ്ഥാന

ത്തിൽ ഇരുന്നുകൊണ്ടു് ആ അരൂപി വഴിയായി ദൈവത്തെ 'പിതാവെന്ന നിങ്ങളും വിളിക്കുന്നു.” (റോ. വ്യ–ഫദ്ധ.) “അരൂപിയാണു് ജീവിപ്പിക്കുന്നതു് മാംസം ഒന്നുമാകുന്നില്ല.” (യോഹ. സു- നൂ൪) “നിങ്ങളല്ല, നിങ്ങളിൽ വസിക്കുന്ന അരൂപിയത്രെ സംസാരിക്കുന്നു.” (മത്ത. ഫ൦–വ൦) “അരൂപി ജഡത്തിന്റെ ബലഹീനതയെ താങ്ങുന്നു. യോഗ്യമായി പ്രാ൪ത്ഥിക്കേണ്ടതെങ്ങനെയെന്നു നാമറിയുന്നില്ല. എന്നാൽ നമ്മിൽ വസിക്കുന്ന അരൂപി അനി൪വചനീയമായ നെടുവീ൪പ്പോടുകൂടി നമുക്കുവേണ്ടി അപേക്ഷിക്കുന്നു.” (റോ. വ്യ-വസ.) മനുഷ്യശരീരത്തിൽ വസിക്കുന്ന ആത്മാവു് ശരീരപഞ്ചേന്ദ്രിയങ്ങളെ ഉപയോഗിച്ചുകൊണ്ടു് കാണുകയും കേൾക്കയും നടക്കുകയും പ്രവ൪ത്തിക്കയും ചെയ്യുന്നു. കണ്ണല്ല കാണുന്നതു് കണ്ണിൽ കൂടി മനുഷ്യാത്മാവത്രെ. ദേഹം ദേഹിയുടെ വെറും ഉപകരണമേ ആയിരിക്കുന്നുള്ളു. ഇപ്രകാരം തന്നെ മനുഷ്യനിൽ നിവസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാരൂപി, അവന്റെ ആത്മാവിലും, ആത്മാവിൽകൂടി ശരീരത്തിലും സ൪വംകഷമായി പ്രവ൪ത്തിക്കുന്നു. മനുഷ്യൻ അവന്റെ സ്വാതന്ത്ര്യത്തിനു് ഭംഗം വരാതെയും, എന്നാൽ പരിശുദ്ധാരൂപിയുടെ ഉപകരണമായി മാത്രവും വ൪ത്തിച്ചുകൊണ്ടിരിക്കുന്നെന്നുള്ളതു് രസകരമായ ഒരു മഹാരഹസ്യം തന്നെ. പരിശുദ്ധാരൂപിയുടെ ഈ സഹവാസവും, സംസ൪ഗ്ഗവും സഹചരണവും നിമിത്തമല്ലായിരുന്നെങ്കിൽ പൊടിയും ചാമ്പലുമായ മനുഷ്യനു്, അത്യുന്നതനും അരൂപനുമായ ദൈവത്തെ ആരാധിക്കയും, യോഗ്യമായ ശുശ്രൂഷ ദൈവത്തിനു സമ൪പ്പിക്കയും, ആദ്ധ്യാത്മികകർമ്മങ്ങളിൽ ഏ൪പ്പെടുകയും ചെയ്യാനെങ്ങനെ സാധിക്കുമായിരുന്നു. “പരിശുദ്ധാരൂപിയുടെ പ്രേരണയാലല്ലാതെ വിശ്വസിപ്പാനൊ, ശരണപ്പെടുവാനൊ സ്നേഹിപ്പാനൊ നമുക്കു കഴിയു”മെന്നു പറയുന്നവനു് തെന്തോസു് സുനഹദോസു ശാപമിട്ടിരിക്കുന്നു. അതുകൊണ്ടല്ലയൊ “പരിശുദ്ധാരൂപിയുടെ പങ്കുകാ൪ നിങ്ങളായിരിക്കുന്നു”വെന്ന അപ്പൊസ്തോലൻ എബ്രായക്കു എഴുതിയതു. (എ. സു–ർ.) പരിശുദ്ധാരൂപിവഴിയായി നമ്മിൽ വസിക്കുന്ന ദൈവത്താൽ നാം പൂരിതരായി തീരുന്നതുകൊണ്ടാണല്ലൊ “നിങ്ങളും ദേവന്മാരാകുന്നു” എന്നു സങ്കീ൪ത്തനക്കാരൻ പറയുന്നതും. (സങ്കീ വൃദ. സു) ഈ വെളിച്ചത്തിന്റെ അരൂപി നമ്മിൽ ഇല്ലാതാകുമ്പോൾ അന്ധകാരത്തിന്റെ അരൂപി നമ്മിൽ വസിക്കുന്നു. “വൈരൂപി സാവോലിൽനിന്നു പിന്മാറിയ ഉടൻ ദുഷ്ടാരൂപി അവനെ പീഡിപ്പിച്ചുതുടങ്ങി.” (രാജാ. പുസ്തകം ഫ അ. ഫസ) എന്നു രാജാക്കളുടെ പുസ്തകത്തിൽ വായിക്കുന്നു. “നിന്റെ പരിശുദ്ധമായ അരൂപിയെ എന്നിൽ നിന്നെടുത്തുകളയരുതെ! പിന്നെയൊ നിന്റെ സൌഖ്യാരൂപി എന്നെ താങ്ങട്ടെ” എന്നുള്ള ദീ൪ഘദർശിയുടെ പ്രാ൪ത്ഥന എത്ര അ൪ത്ഥപൂ൪ണ്ണമായിരിക്കുന്നു. (സ. ൪ഫ.) നമ്മിൽ നിരന്തരം വസിക്കുന്ന

പരിശുദ്ധാത്മാവിനോടുകൂടി പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്യുന്നതു കൊണ്ടാണു്, നമ്മുടെ യാചനകളും ശുശ്രൂഷകളും ദൈവതിരുസന്നിധിയിൽ യോഗ്യതയുള്ളവയും സ്വീകാര്യങ്ങളുമായിതീരുന്നതു്.

മനുഷ്യന്റെ മഹത്വവും, അവനു് പരിശുദ്ധാത്മാവിനോടുള്ള പ്രത്യേക ബന്ധവും, അവിടുന്നു് മനുഷ്യനെ ദൈവത്തോടു ബന്ധിക്കുന്നവിധവും, മറ്റുമെല്ലാം ആലോചിക്കുന്തോറും, നമ്മുടെ വിചാരങ്ങളിലും ആഗ്രഹങ്ങളിലും ചേഷ്ടകളിലും നാമറിയാതെതന്നെ ഒരു അഭ്യുത്മികത്വം വന്നുകൂടുന്നു. ദൈവം തന്നെ നമ്മിൽ സദാ വസിക്കുന്നുവെന്നുള്ള ബോധം, നമുക്കു നമ്മെക്കുറിച്ചുതന്നെ ഒരഭിമാനവും, പ്രാർത്ഥിപ്പാനായി ദൈതിരുമുമ്പിൽ നില്ക്കുമ്പോൾ ക്ലേശകരമായ ഭക്തിയും, ജപങ്ങളിൽ പൂർവ്വാധികം ശ്രദ്ധയും ഉളവാക്കുന്നുണ്ടു്. പരിശുദ്ധാത്മാവിന്റെ ആലയങ്ങളായ നമ്മുടെ അവയവങ്ങളെ ബഹുമാനിപ്പാനും, അവയെ യാതൊരു വിധത്തിലും മാലിന്യപ്പെടുത്താതെ സൂക്ഷിപ്പാനും നമ്മെ നിർബന്ധിക്കുന്നു. മാത്രമല്ല, ഈ ദിവ്യസ്മരണ രക്ഷാകരമായ ഒരു ഭയവും നമ്മിൽ ജനിപ്പിക്കാതിരിക്കുന്നില്ല. എന്തെന്നാൽ, അപ്പസ്തോലൻ പറയുന്നതുപോലെ "ഒരിക്കൽ ദൈവ വെളിച്ചത്താൽ പ്രകാശിപ്പിക്കപ്പെടുകയും സ്വർഗീയദാനങ്ങളെ രുചിക്കയും, പരിശുദ്ധാത്മാവിന്റെ പങ്കുകാരാകയും ചെയ്തവർ വീണ്ടും തെറ്റിപ്പോയാൽ, അവർ മാനസാന്തരപ്പെടുന്നതു് അസാദ്ധ്യമായിരിക്കുന്നു" (എബ്രാ. 6-4.) ഈ ന്യായത്താൽ അതായതു് ക്രിസ്താശകലം ധാരാളമായി സ്വീകരിക്കയും, മതപരങ്ങളും ദൈവികങ്ങളുമായ വിഷയങ്ങളിൽ എപ്പോഴും ഇടയുകയും അഭ്യസിക്കയും ചെയ്തുകൊണ്ടു് അവർ പരിശുദ്ധാത്മാവിയുടെ സംസർഗ്ഗത്തിൽ സദാ ജീവിക്കുന്നതുകൊണ്ടായിരിക്കാം, ക്രിസ്ത്യാനികൾ, പ്രത്യേകിച്ചു കത്തോലിക്കർ, മോശമായാൽ അവർ ഇതര മതസ്ഥരേക്കാൾ കൂടുതൽ ചിത്തയായി കാണപ്പെടാവുള്ളതു്.

അതിനാൽ നമ്മിൽ വസിച്ചുകൊണ്ടു നമ്മെ ദൈവമക്കളാക്കി തീർത്തു മഹത്വപ്പെടുത്തുന്ന പരിശുദ്ധാത്മാവിയുടെ നേർക്കു എപ്പോഴും ഏറ്റം വലിയ നന്ദിയും സ്നേഹവുമുള്ളവരായിരിക്കുന്നതു കൂടാതെ, ഏപ്രിൽ മാസത്തിൽ പരിശുദ്ധാത്മാവിയെ പ്രത്യേകമായി വണങ്ങുകയും, പന്തക്കുസ്താ തിരുനാളിനു് നമ്മെതന്നെ വേണ്ടവണ്ണം ഒരുക്കുകയുംവേണം.

"പന്തക്കുസ്താനവനാൾ"

വിലചക്രം നു.

അപേക്ഷിക്കേണ്ടും മേൽവിലാസം.

മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ
ചങ്ങനാശേരി.

പാലിക്കമ്പനി
മാന്നാനം.

വി. ബർണ്ണാദത്ത്.

(എൻ. ജെ. ജോർജ്ജ്.)

പരിശുദ്ധപിതാവിനാൽ ആദ്ധ്യക്ഷം വഹിക്കപ്പെട്ടതും, സഭൈക്യയോജ്യമായ സകലവിധ ആഡംബരങ്ങളോടുകൂടി നടത്തപ്പെട്ടതും, വി. ബർണ്ണാദത്തിനെ പുണ്യവതികളുടെ പട്ടികയിൽ ചേർത്തെഴുന്നള്ളിക്കപ്പെട്ടതുമായ തിരുനാൾദിനത്തിൽ വി. പത്രോസിന്റെ ദേവാലയത്തിൽ കൂടിയിരുന്നവർ ഏകോപിച്ച് "ലൂർദ്ദിലെ വി. ബർണ്ണാദത്തിന് സ്തുതി" എന്ന് സന്തോഷ സമന്വിതം ആർത്തു പാടി.

എഴുപത്തഞ്ചുകൊല്ലങ്ങൾക്കു മുൻപ് ബർണ്ണാദത്തിന് നമ്മുടെ പ. മറിയം "ഞാനാണ് അമലോത്ഭവമറിയം" എന്നു പറഞ്ഞുകൊണ്ട് പ്രത്യക്ഷപ്പെട്ടു. കഴിഞ്ഞ 1933-ാമാണ്ട് അമലോത്ഭവ തിരുനാൾ ദിനത്തിൽ തന്നെയിതാ, അന്നത്തെ ആ പാവപ്പെട്ട ദൈവദാസി പുണ്യവതി എന്ന നാമധേയത്താൽ കീർത്തിക്കപ്പെട്ടിരിക്കുന്നു.

വി. ബർണ്ണാദത്തിനേപ്പറ്റി കേട്ടിട്ടില്ലാത്തവരുടെ സംഖ്യ തുലോം ചുരുക്കമത്രെ. ഒരു മുക്കാൽ ശതാബ്ദത്തിനു മുമ്പ് ഒരു കൃഷിവലന്റെ പുത്രിയായിരുന്നുവെന്നുമാത്രമായിട്ടത്രെ ഫ്രാൻസിലേ അവളുടെജന്മസ്ഥലത്തുപോലും അവൾ അറിയപ്പെട്ടിരുന്നതു്. നിർദ്ധനരായ മാതാപിതാക്കന്മാരുടെ സന്താനമായി "പിറനീസിലെ" ഒരു ചെറിയ ഗ്രാമമായ ലൂർദിൽ ജനിച്ച ബർണ്ണാദത്ത് ബാല്യപ്രായത്തിൽതന്നെ കാസരോഗിണിയായിതീർന്നു. വിദ്യാഭ്യാസം ചെയ്യുവാൻ അവൾക്ക് വളരെ പ്രയാസംതന്നെ ആയിരുന്നു. അവളെ വേദോപദേശം പഠിപ്പിച്ച ഒരു വൃദ്ധസ്ത്രീ "നീ എപ്പോഴും ഒരു മൂഢയായിരിക്കും" എന്നുള്ള കോപവചസ്സോടുകൂടി ഒരിക്കൽ അവളോടു സംസാരിക്കയുണ്ടായി. അതിനു് അവൾ മറുപടി പറഞ്ഞതു് ഇപ്രകാരമായിരുന്നു. "എങ്കിലും എന്നിക്കു് എപ്പോഴും ദൈവത്തെ സ്നേഹിക്കുകയും കൊന്തനമസ്ക്കാരം എത്തിക്കുകയും ചെയ്യുവാൻ സാധിക്കും." ഈ പറഞ്ഞ മറുപടിയിൽ എന്തൊരു അർത്ഥഗാംഭീര്യമാണു് നാം വീക്ഷിക്കുന്നതു്? അന്നു് ആരുംതന്നെ ബർണ്ണാദത്ത് ഒരു പുണ്യവതി ആയിത്തീരുമെന്നു് വിചാരിച്ച കാണുകയില്ലതന്നെ.

1858 ഫെബ്രുവരി 11-നു- ശൈത്യമേറിയ ഒരു ദിവസമായിരുന്നു. സഹോദരിയുടേയും ഒരു സ്നേഹിതയുടേയും കൂടെ ബർണ്ണാദത്ത് ഗാവ് നദിയുടെ തീരത്തു് വിറകു ശേഖരിക്കുന്നതിനായി പോയി. നദിയിൽ വെള്ളം ആഴമില്ലാതിരുന്നതിനാൽ ബർണ്ണാദത്ത് ഒഴികെ ഉള്ളവർ മറുകരയിലേക്കു നീന്തിക്കയറി. അപ്പോൾ ബർണ്ണാദത്ത് ഒരു ശബ്ദം കേൾക്കുകയും വേഗം അവൾകണ്ട "സൗന്ദര്യവതിയായ ഒരു സ്ത്രീ"യുടെ മുൻപിൽ മുട്ടുകുത്തുകയും ചെയ്തു. ബർണ്ണാദത്ത് ഈ കാര്യം ആരോടും പറഞ്ഞിരുന്നില്ല. എങ്കിലും അവളുടെ മാതാവു് മറവുള്ളവരിൽനിന്നും ഈ വിവരം ഗ്രഹിച്ചു. അവർ ഉടനെതന്നെ തന്റെ പുത്രിയോടു് പ്രസ്തുത സ്ഥലത്തേക്ക് ഒരിക്കലും പോകരുതെന്നു് ആജ്ഞാപിച്ചു.

എങ്കിലും മറ്റുള്ള കുട്ടികളുടെ നിർബന്ധംമൂലം ബെർണാദത്തിന്റെ മാതാവു് അവളെ നദീതീരത്തിലേയ്ക്കു് പോകുന്നതിനു് അനുവദിച്ചതിനാൽ രണ്ടു ദിവസം കഴിഞ്ഞപ്പോൾ പിന്നെയും പരിശുദ്ധമറിയം അവൾക്കു പ്രത്യക്ഷപ്പെട്ടു. ഫെബ്രുവരി 18-ാംനു- മുതൽ തുടരെ രണ്ടാഴ്ചത്തേക്കു് ദിവസവും ആ സ്ഥലത്തു് ചെല്ലുന്നതിനു് പ. മറിയം അവളോടു് ആവശ്യപ്പെട്ടു. ബെർണാദത്തു് അതിനു സമ്മതിക്കുകയും ദിനംദിനം അവിടെ ചെല്ലുകയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ ഇരിക്കുമ്പോൾ വി. മറിയം തന്റെ നിയോഗം അവളെ അറിയിച്ചു. ആ സ്ഥലത്തു് ഒരു പള്ളി പണിയിക്കണമെന്നു് അവിടത്തെ വികാരിയോടു് ആവശ്യപ്പെടണമെന്നും അത്ഭുതകരമാംവണ്ണം അവിടെ ഉളവായ ഉറവയിൽനിന്നും അവൾ വെള്ളം കുടിക്കണമെന്നും പാപികൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ആയിരുന്നു ബെർണാദത്തിനു് കിട്ടിയ ആജ്ഞ.

മാർച്ചു 25-ാംനു- വീണ്ടും ബെർണാദത്തു് ഗ്രഹ്യൂരികിൽ ചെന്നു. ആ സ്ഥലത്തെ മതാദ്ധ്യക്ഷൻ ആ "സൗന്ദര്യവതിയായ സ്ത്രീ"യുടെ പേരെന്താണെന്നു് ചോദിക്കണമെന്നു് അവളോടു് ആവശ്യപ്പെട്ടതനുസരിച്ചു് അവൾ അങ്ങനെ ചെയ്തു. ആരംഭത്തിൽ മറുപടി ഒന്നും ലഭ്യമായില്ല എങ്കിലും പിന്നീടു് "ഞാൻ അമലോത്ഭവ മറിയമാണു്" എന്നുള്ള മഹിമയേറിയ വാചകം മറുപടിയായി കിട്ടി.

ജൂലൈ 6-ാംനു- വി. മറിയം വീണ്ടും ബെർണാദത്തിനു് കാണപ്പെട്ടു. അതു് അവസാനത്തേതും അഷ്ടാദശദർശനപ്പും ആയിരുന്നു. ഇതിനിടയ്ക്കുണ്ടു് ലൂർദ്ദിലേക്കു ജനക്കൂട്ടങ്ങൾ വളരെ അധികമായി എത്തിക്കൊണ്ടിരുന്നു. പ്രസ്തുത ദർശനത്തെക്കുറിച്ചു് മതാദ്ധ്യക്ഷനുമാക്കു് പലേ സംശയങ്ങൾ ഉദ്ഭൂതമായി. എങ്കിലും അവസാനത്തിൽ 1862-ൽ തേർബ്സിലെ മെത്രാൻ എഴുതിയ ഒരു ഇടയലേഖനം മൂലം ബെർണാദത്തു് പറഞ്ഞതെല്ലാം വാസ്തവമാണെന്നു് സ്വീകരിക്കപ്പെട്ടു. ആ കൊല്ലത്തിനു ശേഷം മാസാബിയില്ലിയിലെ ഗ്രഹയിൽ അമലോത്ഭവ മറിയത്തിന്റെ ഒരു പ്രതിമ സ്ഥാപിച്ചു. പിന്നീടു് രണ്ടുവർഷം കൂടി കഴിഞ്ഞപ്പോൾ അവിടെ വി. കുർബാന അർപ്പിക്കുന്നതിനു് വേണ്ട സൗകര്യങ്ങൾ എല്ലാം ഉണ്ടാക്കി. സഭാർഗ്ഗിയ രാജ്ഞിയുടെ നിയോഗം അങ്ങനെ സാധിതപ്രായമായി.

ബാല്യകാലംമുതൽ ബെർണാദത്തു് ക്രിസ്തുമാതാവിന്റെ ആജ്ഞകൾ അനുസരിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അവൾ വേറൊരാളുടെ കല്പനകൂടി നിറവേറേണ്ടതായിതീർന്നു. ഉപവിയുടെ സഹോദരികളുടെ ഒരു മഠത്തിലാണു് ബെർണാദത്തു് തന്റെ ബാക്കിയുള്ള ജീവിതകാലം വിനിയോഗിച്ചതു്. 1866-ൽ മഠത്തിൽ അവൾ പ്രവേശിച്ചു. സിസ്റ്റർ മേരി ബെർണാദത്തു് എന്ന നാമവും അവൾ സ്വീകരിച്ചു.

പ്രാർത്ഥനയും പ്രായശ്ചിത്തവും ആയിരുന്നു അവളുടെ നിത്യത്തൊഴിൽ. 1879-ൽ അവളുടെ സുഖക്കേടു് വളരെക്കൂടി. ഏപ്രിൽ 16-ാംനു- വൈദികനെ വിളിച്ചു് അന്ത്യകൂദാശകൾ അവൾ കൈക്കൊണ്ടു. "പരിശുദ്ധമറിയമെ, ദൈവത്തിന്റെ മാതാവെ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ, ഞാൻ നിർഭാഗ്യപാപിയാണു്" എന്നുള്ള വാക്കുകളോടുകൂടി ഈലോകജീവിതനാടകത്തിനു് അ

ലഘുപാപം.

(തുടർച്ച)

(റവ. തോമ്മസ്സ് പുത്തൻവീട്ടിൽ)

൩. നമ്മുടെ സ്വല്പപാപങ്ങളുടെ ദോഷ്യത അതിന്റെ ശരിയായ നിറത്തിൽ പ്രത്യക്ഷപ്പെടാത്തതിന്റെ വേറൊരുഹേതു പഴയനിയമത്തിലെപ്പോലെ ദൈവം ഉടനടൻ ശിക്ഷിക്കാത്തതാണ്. ഇസ്രായേൽക്കാരെ ഉപദ്രവിച്ച ഏജിപ്തുകാരെ ദൈവം പത്തുതരത്തിലുള്ള വ്യാധികൾകൊണ്ടു വളരെ അസഹ്യപ്പെടുത്തി. മോശയുടെ ന്യായാധികാരത്തെ എതിർത്തവരെ ഭൂമി വായിളന്നു ഗ്രസിച്ചുകളഞ്ഞു. വാശ്ദത്തത്തിന്റെപെട്ടകത്തോടു് യഥാർഹമായ ബഹുമാനം പ്രദർശിപ്പിക്കാഞ്ഞതിനാൽ ബെത്ത്സെമായക്കാരിൽ ൫൦,൦൦൦ പേർ തൽസമയംവധിക്കപ്പെട്ടു. മോശയോടു പിറുപിറുത്തതുകാരണം സ്വസോദരിയായ മറിയം അതിനിന്ദ്യാവഹമായ വിധം കുഷ്ഠരോഗത്താൽ പീഡിപ്പിക്കപ്പെട്ടു. ഒരു ലഘുപാപംമാത്രമായ ഈ പിറുപിറുപ്പിന്റെശിക്ഷ എത്ര ദുസ്സഹം എന്നു്നോക്കുക. വെള്ളം പുറപ്പെടുത്തുന്നതിനു് പാറയിൽ അടിക്കാൻ ആജ്ഞാപിച്ചപ്പോൾ സംശയിച്ചതുകൊണ്ടു് മോശയുടെആയുഷ്കാലം വെട്ടിക്കുറയ്ക്കുകയും താൻ ആഗ്രഹാകാംക്ഷയോടെ പാർത്തിരുന്നപറഞ്ഞൊപ്പിന്റെനാട്ടിൽപ്രവേശിക്കാൻ സാധിക്കാതെവരികയുംചെയ്തു. ജനസംഖ്യകണക്കെടുത്തു് ദാവീദുകാണിച്ച മായാഭിലാഷം നിമിത്തം ദൈവം യാത്രയാക്കിയ സാംക്രമികരോഗംകൊണ്ടു് തന്റെ പ്രജകളിൽ ൭൦,൦൦൦ എണ്ണം യമലോകപ്രാപ്തരായി. ഈ ദുശ്ശിക്ഷകളെപ്പറ്റി കേൾക്കുമ്പോഴാണ് ഇവയ്ക്കുകാരണമായ പാപത്തിന്റെ നിന്ദ്യത നമുക്കു് ബോധപ്പെടുന്നതു്. എന്നാൽ സ്നേഹ

വൾ അവസാനവാക്യം അരുളി—അതെ അവൾ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു. അത്യന്തനന്ദനായ തമ്പുരാന്റെ കരങ്ങളിലേയ്ക്കു് അവളുടെ പാവനമായ ആത്മാവിനെ ഏല്പിച്ചു.

1925 ജൂൺ 25-൦നു- വാഴ്ത്തപ്പെട്ടവൾ എന്നനാമം അവൾക്കു നൽകി. 1933ഡിസംബർ 8-൦നു- അവളെ സഭയിലേ പുണ്യാത്മാക്കളുടെ പട്ടികയിൽ ചേർത്തു. അന്നു് 6000 ഫ്രഞ്ചു് തീർത്ഥയാത്രക്കാർ ഇരുപതുമെത്രാന്മാരാൽ നീതരായി റോമിലെത്തി. ബെർണ്ണാദത്തിന്റെ വിശുദ്ധികരണമാണു് ലൂർദ്ദിന്റെ അവസാനജയം.

"വി. ബെർണ്ണാദത്തിനു് സ്തുതി"

ത്തിന്റെകാലമായ ഈ പുതിയനിയമത്തിൽ ഏവംവിധമായ ഉടൻശി ക്ഷകളെപ്പറ്റി നാം കേൾക്കുന്നില്ല. ഉണ്ടെങ്കിൽത്തന്നെ നന്നാകുമ്പോൾ. ഐഹികജീവിതത്തിൽ ഇതു സംഭവിക്കാതിരിക്കുന്നതു് ശിക്ഷയുടെ ലോപംനിമിത്തമല്ല. എന്നുമാത്രമല്ല ശുദ്ധീകരണസ്ഥലത്തിൽ അവസാനചില്ലിക്കാശുവരെ കൊടുത്തുതീക്കേണ്ടതായുംവരും. ഇതു വിശ്വാസദൃഷ്ട്യാവീക്ഷിക്കാത്തതുകൊണ്ടാണു് പാപത്തെഇതു അല്പമായി മാത്രം നാം ഭയപ്പെടുന്നതു്. ഒരു പെറിയ നുണ 'കല്പിക്കുക' സമീപസ്ഥനെ അന്യായമായി ഉപദ്രവിക്കുക. പ്രാർത്ഥനയിൽ അവിടോടെ ശ്രദ്ധയില്ലാതിരിക്ക. മുതുകത്തു്കിടുമ്പോഴെ മേലോട്ടുനോക്കു എന്നു് പന്നിയെപ്പറ്റി ഒരു ചൊല്ലുണ്ടു്. നമ്മോടും സർവ്വേശൻ ഇപ്രകാരംവർത്തിച്ചിരുന്നെങ്കിൽ പാവദോഷങ്ങളും എത്ര ദുർല്ലഭമാകുമായിരുന്ന. ഭാഗ്യവശാലോ നിർഭാഗ്യവശാലോ ശുദ്ധീകരണാഗ്നിയുടെ ദുർഘതയെപ്പറ്റി മിശിഹായും തൽസഭയും തെളിവായി പ്രസ്താവിച്ചിരിക്കകൊണ്ടു് ഈ ശിക്ഷയിൽപെട്ടാൽ അതിനു് കാരണക്കാർ നാംതന്നെ. ''താൻ നമ്മെ അന്ധകാരത്തിൽനിന്നും തന്റെ ആശ്ചര്യകരമായ ശോഭയിലേയ്ക്കു് വിളിച്ചിരിക്കുന്നു'' (1. പത്രോ. 2. 9.) ആകയാൽ ശുദ്ധീകരണസ്ഥലത്തു് അകപ്പെടാതിരിക്കുന്നതിനു് നമ്മുടെ അജ്ഞത ഒഴികഴിവാക്കാൻ നിവൃത്തിയില്ല. ആകയാൽ ദിവ്യപ്രേമലത നമ്മുടെ ദുരാശകളെ ബന്ധിച്ചു് പാവനിവാരണം ചെയ്യുന്നില്ലെങ്കിൽ ശിക്ഷയോടുള്ള ഭീതിയെങ്കിലും അവയെ അമർത്തട്ടെ.

പുണ്യവാന്മാർപോലും പാപത്തിന്റെ ഗൗരവ്യസാവഹത നന്നായി മനസ്സിലാക്കിയിരുന്നില്ല. എങ്കിലും പുണ്യാത്മാക്കളായിരുന്നതുകൊണ്ടു് നമ്മെക്കാൾ കൂടുതൽ അവർ ഇതു ഗ്രഹിച്ചിരുന്ന. വളരെ പെറിയദോഷങ്ങളെപ്പറ്റിപോലും സംസാരിച്ചിരുന്നപ്പോൾ വി. അലോഷ്യസ് മഹാപാപമായി പരിഗണിച്ചിരുന്നതായി തന്റെനവസന്യാസിഗുരു രേഖപ്പെടുത്തിയിട്ടുണ്ടു്. ഏറ്റം പെറിയദോഷത്തിൽപ്പോലും ഉൾപ്പെടുന്നതിനെക്കാൾ നരകശിക്ഷ അനുഭവിപ്പാൻ താൻ ഇഷ്ടപ്പെടുന്നുഎന്നു് ജെനോവായിലേ വി.കാതറൈൻ പറഞ്ഞുവന്നിരുന്ന. സർവ്വശക്തനെ അത്യന്തം നിസ്സാരമായ വിധത്തിൽപോലും ഉപദ്രവിക്കുന്നതിനു് മുമ്പേ തങ്ങളും നിത്യാനന്ദഭാഗ്യംകൂടെ നഷ്ടപ്പെടുത്തുവാൻ മോക്ഷവാസികളും തയ്യാറാണെന്നു് വി. ആൻസലം പഠിപ്പിച്ചിരുന്ന. "അമർത്ത്യമായ ജീവനു് മരിക്കാൻ സാധിച്ചിരുന്നെങ്കിൽ പാവദോഷത്താൽ കളങ്കിതമായ ഒരാത്മാവിന്റെ ദർശനം അതിനെ കൊല്ലുമായിരുന്ന" എന്നതു സിയന്നായിലേ വി. കാതറൈൻ സാക്ഷിക്കുന്നതു്. താൻ ചെയ്ത ചില നിസ്സാര കുറ്റങ്ങളുടെ ദോഷ്യതയുടെ ആധിക്യം ഒരു പ്രത്യേക ദൈവവെളിപാടുമൂലം ഗ്രഹിച്ചപ്പോൾ

"നരകശിക്ഷയിൽ നിന്നുളവാകുന്നതിനെക്കാൾ ദുർവ്വഹമായ വേദന താൻ അനുഭവിച്ചു" എന്നു് ത്രേസ്യാപുണ്യവതിയും എഴുതിവെച്ചിരിക്കുന്നു.

നമ്മുടെ കുറ്റങ്ങൾ ഇത്ര വെറുക്കത്തക്കതെങ്കിലും അവയ്ക്കു് പര്യാപ്തമായ പ്രതൗഷധം നമുക്കു് ധാരാളമായി തന്നിട്ടുണ്ടു്. വി. തോമ്മസ്സു അനുസ്മരിപ്പിക്കുന്നതുപോലെ "സ്വഭോദനാചാരത്തിൽ ചിന്തിയ ക്രീസ്തുവിന്റെ ഒരുതുള്ളി രക്തമോ മറവുവല്ല പരിഹാരപ്രവൃത്തിയോ തന്റെ അതുലമാഹാത്മ്യംമൂലം നമ്മുടെ പാപങ്ങൾ മായിച്ചുകളവാൻ വേണ്ടുവോളം മതിയായിരുന്നു." മാത്രമല്ല തന്റെ ഒരുതുള്ളി ഘോര പതിനായിരം ലോകത്തിന്റെ പാപങ്ങൾപോലും സമ്മാർജ്ജനം ചെയ്യുന്നതിനു് ശക്തമാവുന്നു. എന്നാൽ ക്രീസ്തുവിന്റെ ഈ നിസ്തുല്യതേജസ്സുമൊന്തരമല്ലായിരുന്നുവെങ്കിൽ ലോകാരംഭം മുതൽ ഇന്നുവരെ ജനിച്ചിട്ടുള്ള സകല പുണ്യാത്മാക്കളുടെ പ്രാർത്ഥനകളും, ഉറക്കമൊഴിവു്, തപസ്സു, മറ്റു പ്രായശ്ചിത്തപ്രവൃത്തികളും ഇവയെല്ലാം സംഭരിച്ചാലും ഒരു പാപദോഷത്തിനു് പരിഹാരമാകയില്ലായിരുന്നു. ഇപ്പോഴാവട്ടെ തന്റെ ദിവ്യാനുഗ്രഹമാർഗ്ഗേണ നാം "ദൈവസ്വഭാവത്തിൽ പങ്കാളികളാകുന്നു" (2. പത്രോ. 1:4) "തന്റെ ശരീരത്തോടുകൂടി ഒന്നായി ഭവിച്ചിരിക്കുന്നു." (1 കോറി 6. 17.) തന്മൂലം ഹൃദയഗമമായ ഒരു സന്താപംപോലും അതിരറ്റവിധം യോഗ്യതയുള്ളതായിത്തീർന്നിരിക്കയാൽ നാം എത്ര ഭാഗ്യശാലികൾ. 'എന്നെക്കൂടാതെ നിങ്ങൾക്കു യാതൊന്നും സാധിക്കയില്ലെന്നു" ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്തിരിക്കയാൽ തന്നിൽനിന്നു് അകലുന്നവരുടേയും വെട്ടിക്കളയപ്പെട്ടവരുടേയും അവസ്ഥ എത്ര ദയനീയം.

ശിക്ഷയും ക്രിസ്തുവിന്റെ നിസ്സീമപ്രതാപവും മാത്രമല്ല, ദൈവസ്നേഹ സമുദ്രത്തിൽനിന്നും നമ്മെ പരിഭ്രംശരാക്കുന്ന എന്നാ ചിന്തയും പാപവൃത്തിയിൽനിന്നും നമ്മെ പിൻതിരിക്കേണ്ടതാകുന്നു. ദൈവം സ്നേഹമാകുന്നു. സ്വാഭാവികവും അതിസ്വാഭാവികവുമായ സകല സൃഷ്ടികളും തന്റെ സ്നേഹാധിക്യത്തെ ഉച്ചൈസ്വരം പ്രഘോഷിക്കുന്നു. സ്വന്ത ചങ്കിൽനിന്നു് രക്തം കൊത്തിയെടുത്തു് കുഞ്ഞുങ്ങളുടെ ദാഹം ശമിപ്പിക്കുന്ന പെല്ലിക്കോണും, സ്വന്ത കുഞ്ഞുങ്ങൾക്കു് ഇരയായിത്തീരുന്ന എട്ടുകാലിയും ഈ അസൃഷ്ടസ്നേഹത്തിന്റെ ഒരു വൈരം നിഴൽ മാത്രമാവുന്നു. നമ്മപോലെതന്നെ സ്നേഹവും സ്വയം വ്യാപകമാണു്. ആകയാൽ സ്രഷ്ടാവിന്റെ അനന്തസ്നേഹം സൃഷ്ടിവഴിയായി ഗ്രഹിക്കാമെന്നു് താത്ത്വികന്മാരും പുണ്യവാന്മാരും ഒരുപോലെ സാക്ഷിക്കുന്നു.

ഈ അനന്തസ്നേഹം മനുഷ്യസമൂഹത്തെ സദാ ആകർഷിച്ചുകൊണ്ടിരിക്കുന്നു. 'ഒരു അമ്മ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കുക

യില്ല' എന്ന് സർവ്വശക്തൻ പറയുമ്പോഴും ഇതുതന്നെയാണ് നാം അത്മാ ക്കേണ്ടതു്.

ഉറുനോക്കുന്നുപക്ഷം ഭക്ഷണം വായുമുതലായവ കൊണ്ടെന്നതിനെ ക്കാൾ സ്നേഹം മൂലമാണ് മനുഷ്യൻ അഭിവൃദ്ധി പ്രാപിക്കുന്നതെന്ന് കാ ണാം. തന്റെ ആപത്മിത്രത്തിന്വേണ്ടി ഒരുവൻ എന്തുതന്നെ കൊടുക്ക കയില്ല? വേണ്ടിവന്നാൽ ജീവൻകൂടി ഉപേക്ഷിക്കാൻ മടിക്കുമോ? പ്ര ത്യുത സ്നേഹമില്ലെങ്കിൽ ഒരു ചില്ലിക്കാശുപോലും കൊടുക്കുകയില്ല. താൻ സഹായിക്കാത്തതിന് പുറമെ മറ്റു വല്ല ഉപായങ്ങളും ഉല്പിക്കുമായിരിക്കും. എന്നാൽ സംഗതികളുടെ ഉള്ളിൽ കടന്നു നോക്കുന്നുപക്ഷം മനസ്സിന്റെ അകലിച്ചയാണ് ഈ ഉപകാരരാഹിത്യത്തിന്റെ ഹേതുവെന്ന് പ്ര ത്യക്ഷപ്പെട്ടുന്നതാണ്. നേരെമറിച്ചു സ്നേഹിതനുവേണ്ടി ചെയ്യുന്നതു് ഒന്നും അധികമായിത്തോന്നുകയില്ല. മാത്രമല്ല ഇവനിൽനിന്ന് അകന്നി രിക്കുന്നതുതന്നെ പരമസങ്കടം. വിദേശവാസത്തിനായി പുറപ്പെടുന്ന മ കനും മാതാപിതാക്കന്മാരോട് യാത്ര ചൊല്ലുമ്പോൾ ഉളവാകുന്ന വിരഹതാ പത്തിന്റെ അസഹനീയത ഏറെക്കുറെ എല്ലാവർക്കും അനുഭവമാണല്ലോ. ഇഹത്തിലേ വേർപാടു് ഇത്ര സങ്കടകരമെങ്കിൽ അളവില്ലാത്ത നന്മസ്വ രൂപിയിൽനിന്നും പാപം മൂലമുള്ള വിച്ഛേദനം എത്ര മർമ്മഭേദകമാ യിരിക്കും. ഇതിന്റെ ദുസ്സഹാവസ്ഥ മരണാനന്തരമെ നമുക്കു് നന്നായി മ നസ്സിലാകയുള്ളൂ.

അറിയാത്ത ഒരു വസ്തുവിനെ നാം സ്നേഹിക്കുന്നില്ല. എന്നാൽ സാ ധനത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ഗ്രാഹ്യം ഉണ്ടാകുമ്പോഴത്തെ നമ്മുടെ ആഗ്രഹം കുതിച്ചു ചാടുന്നതു്. ഇതുപോലെതന്നെ വിദേശവാസികളും പരിമിതബുദ്ധികളും ആയ നാം മരണശേഷം വിധിയാളൻസമക്ഷം നി ത്തപ്പെടുമ്പോൾ മാത്രമാണ് നമ്മുടെ ലാഭത്തിന്റേയോ നഷ്ടത്തിന്റെ യോ ഉഗ്രത മനസ്സിലാവുന്നതു്. എന്നാൽ അപ്പോഴത്തെ സന്താപം വൃത്ഥ വും ഇപ്പോഴത്തേതു് ഫലഭൂയിഷ്ഠവുമാണ്. ഇതിനായി നമ്മുടെ വിശ്വാ സത്തെ ദൃഢീകരിക്കേണ്ടിയിരിക്കുന്നു. 'നീതിമാൻ വിശ്വാസത്താൽ ജീവി ക്കുന്നു' എന്നാണല്ലോ വിജാതീയാപ്പസ്തോലന്റെ വചനവും.

തന്നിമിത്തം 'സ്നേഹം സ്നേഹത്താലെ വീട്ടുകയുള്ളൂ' എന്ന പ്രമാണ ത്തെ ആസ്പദമാക്കി സ്നേഹാധിക്യം ന്യൂനപാതകങ്ങളിൽനിന്നുപോലും നമ്മെ വെട്ടിമാറുന്നില്ലെങ്കിൽ ശിക്ഷയുടെ കാഠിന്യമെങ്കിലും വരാഹബു ദ്ധികളെ പാപച്ചെളിയിൽനിന്നും അകറ്റി എന്നെന്നിവാരകമായ തപസ്സ് ശരിയായി അനുഷ്ഠിപ്പാൻ നല്ലയിടയൻ എല്ലാവർക്കും സംഗതിയാക്കട്ടെ.

ജപാപ്പസ്തോല സഭ്യം.

I. പൊതുനിയോഗം.

സാമ്പത്തികനാശം മൂലം തൊഴിലില്ലാതെ വലയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.

വർത്തമാനപ്പത്രങ്ങളും ഓരോ ദേശത്തിന്റെയും പ്രവർത്തനരംഗങ്ങളും സൂക്ഷ്മാവലോകനം ചെയ്യുന്നവർക്ക്, തൊഴിലില്ലായ്മ എന്ന മഹാമാരി എത്ര നാശോന്മുഖമാം വണ്ണം പടർന്നു പിടിച്ചിട്ടുണ്ടെന്ന് വേഗം ഗ്രഹിക്കാം. പരിഷ്ക്കാരത്തിന്റെയും സംസ്ക്കാരത്തിന്റെയും ചിഹ്നമെന്നുപറഞ്ഞു് ബാഹ്യാഡംബരങ്ങളിൽ മാത്രം ഭ്രമഗ്രസ്തരായിരിക്കുന്ന യുവതീയുവാക്കളുടെ എണ്ണം നമ്മുടെ ഇടയിൽത്തന്നെ എത്ര വർദ്ധിച്ചിരിക്കുന്നു. എന്നാൽ ഈ വക ചെലവുകൾ ചെയ്യുന്നതിനുള്ള പണം സ്വന്തമായി സമ്പാദിക്കുന്നവർ എത്രയോ ദുർല്ലഭം. ജോലിചെയ്യുന്നതിനും ബുദ്ധിമുട്ടുന്നതിനും മനുഷ്യർ സ്വതേ വിമുഖരാണു്. അതിനുള്ള അവസരം ഇല്ലാതായതു് അലസതയ്ക്കു ഒരു കാരണവുമായി. ഈ തൊഴിലില്ലായ്മക്കാരുടെ വർദ്ധനവാണു് ലോകത്തിന്റെ ഭാവിയെ അത്യന്തം അന്ധകാരമയവും ഭയങ്കരതമവുമാക്കി ചെയ്യുന്നതു്.

ഈ ഭയങ്കരതയുടെ ആധിക്യം ശരിയായി വെളിപ്പെടേണമെങ്കിൽ പ്രയത്നത്തിന്റെ അവശ്യകതയേയും അലസതയുടെ ആവശ്യഫലങ്ങളേയും പറ്റി അവഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിനെക്കുറിച്ചു് വി. ക്രിസോസ്തോമസ് പുണ്യവാൻ പറയുന്നതു് ഇപ്രകാരമാണു് "മനുഷ്യനേയും അവന്റെ അംഗങ്ങളേയും ദൈവം രൂപവൽകരിച്ചതു് പ്രയത്നത്തിനായിട്ടാണു്". "വി. ഗ്രിഗോരിയോസ്സു് പറയുന്നതാവിതു്; "മാനുഷികവൃത്തികളിൽ ഏർപ്പെടാതിരിക്കുന്നവർ തീർച്ചയായും പൈശാചികവേലകളിൽ ശ്രദ്ധാലുക്കളായിരിക്കും". കത്തോലിക്ക സഭയുടെ ശൈശവദശയിൽ അതിനെ പരിപോഷിപ്പിച്ചവരും തങ്ങളുടെ പ്രയത്നംമൂലം എന്നും സൃഷ്ടിസമ്പന്നം പ്രശോഭിക്കുന്നവരുമായ രണ്ടു പുണ്യാത്മാക്കൾ, ജോലിയില്ലാതെ മടിയന്മാരായിരിക്കുന്നവരുടെ അവസ്ഥയെക്കുറിച്ചു് രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായം ഇതാണു്.

നമ്മുടെ അനുഭവവും ഈ പരമാർത്ഥത്തെ സ്ഥിരീകരിക്കുന്നു. മത്സ്യത്തിനു് വെള്ളവും പക്ഷികൾക്കു ചിറകും ജീവികൾക്കു് ഭക്ഷ്യസാധനങ്ങളും എന്നപോലെ മനുഷ്യനു് എന്തെങ്കിലും പ്രവൃത്തി ഇല്ലാതെ ജീവിക്കാൻവയ്യാ. ഈശോ ദൈവികപ്രസാദത്തിലും ജ്ഞാനത്തിലും ദിനംപ്രതി അഭിവൃദ്ധിപ്പെട്ടുന്നതുപോലെ എല്ലാവരും ഒന്നുകിൽ നല്ലവരായി അഥവാചീത്ത ആളുകളായി വളരേണ്ടിയിരിക്കുന്നു, ഒന്നുകിൽ സൽപ്രവൃത്തികൾ മുഖാന്തരം പുണ്യവാന്മാരും ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതിനു് യോഗ്യരും ആവണം. അല്ലെങ്കിൽ സാത്താന്റെ പക്ഷം പിടിച്ചു ദുർവൃത്തികളിൽ തഴുകി നരകാഗ്നിക്കു അർഹരാവണം.

തൊഴിലില്ലായ്മയിൽ കുടുങ്ങിയിരിക്കുന്ന ആളുകളുടെ, പ്രത്യേകിച്ച് യുവാക്കന്മാരുടെ സംഖ്യാധിക്യത്തെ പരാമർശിച്ചു് കഴിഞ്ഞ മാർച്ചു് ഫ്രഞ്ചു് തീയതിയിലേ കർത്തനാൾ സംഘത്തിൽ വച്ചു് പ. പിതാവു് പ്രത്യേകം ഊന്നിപ്പറയുകയുണ്ടായി "ഇവക്കു് പോരായ്കയുള്ളതു് ന്യായമായ വേതനം മാത്രമല്ല വേലയും കൂടിയാണ്".[2] ഇപ്രകാരം വേലയില്ലാതെ താന്തോന്നികളായി നടക്കുന്നവർ ജോലി ചെയ്വാൻ മറന്നു് തെറ്റു ചെയ്തു തഴമ്പിക്കുകയും ഇപ്രകാരം സഭയ്ക്കും സമുദായത്തിനും ഒരു തീരാവ്യാധിയായി പരണമിക്കയും ചെയ്യുന്നു. ഇതിനു് ആധുനിക ലോകം ഒരു ഉത്തമ സാക്ഷിയാണു്. "യൗവനത്തിൽ ശേഖരിക്കാത്തവ, എങ്ങനെ വാർദ്ധക്യത്തിൽ നീകാണും". (Eccli 25.5) ഈ വേദവാക്യങ്ങൾ ഇപ്പോഴത്തെ തലമുറയെ സംബന്ധിച്ചെടത്തോളം തികച്ചും അർത്ഥവത്താണു്. ഭീകരപ്രസ്ഥാനം, അധികാര നിഷേധം, പ്രാചീനമായ സകലവും നശിപ്പിക്ക, നവീനത മാത്രം സ്നേഹിക്ക, കൂട്ടക്കവർച്ച, ആയുധങ്ങൾ ഉപയോഗിച്ചുള്ള കരബലപ്രയോഗം ഇവ ആധുനിക ദിഷ്യങ്ങളിൽ പ്രമുഖങ്ങളായ ഏതാനും ചിലവ മാത്രമാണു്.

ലോകം ഇത്ര നീചസ്ഥിതിയിൽ എത്തുന്നതിനുള്ള കാരണങ്ങൾ ദൂരത്തേടേണ്ടതില്ല. സാന്മാർഗ്ഗികവും ബുദ്ധിപരവുമായ അധഃപതനമാണു് സാമുദായികവും സാമ്പത്തികവുമായ സകല ദുരവസ്ഥയുടേയും പ്രഥമ ഹേതുവെന്നു് സമുദായ നേതാക്കന്മാരിൽ ചിലരെങ്കിലും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നതു് ശുഭലക്ഷണം തന്നെ. സുബുദ്ധിയുള്ള മനുഷ്യൻ സുബുദ്ധിയില്ലാത്ത നാല്ക്കാലികളെപ്പോലെ ആയിത്തീർന്നതാണു് ഈ ദുരിതങ്ങളുടെയൊക്കെ കാരണം. ആകയാൽ, ഏതൊരു സാധനത്തിന്റെ അഭാവത്താൽ ഇന്നു് ലോകം ദുരന്തദുഃഖം അനുഭവിക്കുന്നുവോ അതു നേടുവാനുള്ള ഉറച്ചശ്രമമത്രെ ഇതു് പരിഹരിക്കുന്നതിനുള്ള പ്രാഥമിക പദ്ധതിയും. അതോ ദൈവത്തേയും തന്മൂലം രക്ഷാകരമായ സമാധാനത്തേയും ആട്ടിപ്പുറത്താക്കിയവർ യഥാർത്ഥമായ സൗഖ്യം പ്രാപിക്കണമെന്നു് ആഗ്രഹിക്കുന്നെങ്കിൽ അവർ ആദ്യമായി ചെയ്യേണ്ടതു് തങ്ങളുടെ മനസ്സിനെ പരലോകകാര്യങ്ങളിലേയ്ക്കു് ഉയർത്തി സ്വർഗ്ഗസ്ഥനായ പിതാവിനോടു് ഉള്ളുഴിഞ്ഞു് പ്രാർത്ഥിക്കയാണു്. മനുഷ്യരിൽ ഒരുത്തനും ചോദിക്കും മുമ്പെ നമ്മുടെ അവശ്യങ്ങൾ നന്നായി ഗ്രഹിച്ചിരിക്കുന്നവനും ലോകത്തിനു് ജീവൻ കൊടുപ്പാനായി സ്വയം ബലികഴിച്ചവനും ആയ ആ സ്നേഹസ്വരൂപന്റെ കരുണാർദ്രമായ ഹൃദയത്തോടു് ഈ വിഷമസ്ഥിതിയിൽ നിന്നു് നമ്മെ ഉദ്ധരിച്ചു്, തൊഴിലില്ലാതെ വലയുന്നവർക്കു ജോലി ഉണ്ടാക്കിക്കൊടുക്കുവാൻ മുതലാളിമാരെ പ്രേരിപ്പിക്കുന്നതിനും അപേക്ഷിക്കാം. ഒരു കോപ്പ പച്ചവെള്ളത്തിനുപോലും സമ്മാനം പറഞ്ഞൊത്തിരിക്കുന്ന ദിവ്യരക്ഷകൻ ഇവർക്കു് എത്രവലുതായ സമ്മാനമാണു് ഒരുക്കിയിരിക്കുന്നതു് എന്നു് മുതലാളിവർഗ്ഗം അനുസ്മരിക്കട്ടെ. യഥാവിധിപരിശ്രമിച്ചിട്ടും ഉപജീവന മാർഗ്ഗം ലഭിക്കാതെ കഷ്ടപ്പെടുന്നവർ, തങ്ങളുടേയും ലോകത്തിന്റേയും പാപപരിഹാരാർത്ഥം ഈ ക്ലേശങ്ങൾ ഈശോയുടെ ദിവ്യഹൃദയത്തിനു് ശിരസ്സുല്യമായ വിശ്വാസത്തോടെ സമർപ്പിക്കയും ചെയ്യട്ടെ. ജപാപ്പസ്തോലസഖ്യാംഗങ്ങളും സഹോദരവൃന്ദവും ഈകൃത്യത്തിനുവേണ്ടി പ്രത്യേകം അപേക്ഷിക്കണം.

II. മിഷൻനിയോഗം

"കോപ്റ്റകാരുടേയും ഈജിപ്റ്റ്കാരുടേയും ഇടയിലുള്ള പ്രേഷിതവേല അഭിവൃദ്ധിപ്പെടുന്നതിന്."

ക്രൂരനായ ഹേറോദേസ്സിനെ ഭയന്ന് ഒളിച്ചോടിപ്പോയ തൃക്കുടുംബത്തിന് സങ്കേതസ്ഥാനമായി ഭവിച്ചതു് ഈജിപ്താണല്ലോ. എ, ഡി. ആദിമശതകങ്ങളിൽ കത്തോലിക്കസഭ ഇവിടെ വളരെതഴച്ചുവളർന്നിരുന്നു. ദെയോക്ലേസ്യൻ ചക്രവർത്തിയുടേയുംമറ്റും മതമർദ്ദനകാലത്തു് അനേകവേദസാക്ഷികൾ തങ്ങളുടെ രക്തംകൊണ്ടു് ഈ മണ്ണ് നനച്ചിട്ടുണ്ടു്. തദനന്തരം ഇതു് സന്ന്യാസസഭകളുടെ ഒരു ആസ്ഥാനമായിഭവിക്കുകയും തദ്ദ്വാരാ സഭയുടെ ഒരു പ്രധാന പോഷകാംശമായിത്തീരുകയുംചെയ്തു. എങ്കിലും ശിശുമയുടേയും മഹമ്മദുമതത്തിന്റേയും ആക്രമണംമൂലം ഇതിനു് സാരമായകേടുതട്ടി. ഇതിനു ശേഷം പതിമ്മൂന്നാം ലെയോൻ മാപ്പാപ്പാ 1895–നവംബർ–26–ം തീയതി ആണ് ഒരു പാത്രിയർക്കീസിംഹാസനവും രണ്ടു് സാമന്തസിംഹാസനങ്ങളും പുനഃസ്ഥാപിച്ചതു്.

ഈജിപ്തിലേ 140 ലക്ഷം ജനങ്ങളിൽ 90 ശതമാനവും മഹമ്മദീയരാണു്. 130,000 മാത്രമാണു് കത്തോലിക്കർ. കോപ്റ്റകാരിൽ 22,300 കത്തോലിക്കരും 9,60,000 ശിശുമക്കാരും ഉണ്ടു്. അവിടെ ഇപ്പോൾ ശക്തിയായി നടക്കുന്നപ്രേഷിതവേലയെ നമ്മുടെ പ്രാർത്ഥനകൾമൂലം സഹായിക്കാം.

III. പ. പിതാവിന്റെപേക്കുള്ള ജ്ഞാനപൂക്കെട്ടു്.

"ഈ ജൂബിലിവത്സരം പ്രമാണിച്ചു് മാപ്പാപ്പാതിരുമനസ്സിലേയ്ക്കു് ലോകമൊട്ടുക്കുള്ള വിശ്വാസികളും സമർപ്പിക്കുന്ന "ജ്ഞാനപൂക്കെട്ടി"ൽ പേക്കുന്നതിനായി ചങ്ങനാശേരി രൂപതയിൽനിന്നും ശേഖരിച്ചഇനങ്ങൾ: — (1) കുർബാനകണ്ടതു 543973 (2)തനിച്ചുചൊല്ലിച്ച കുർബാന 475 (3) പലരുകൂടിചൊല്ലിച്ച കുർബാന 447

ബ. ഡയറക്ടർമാർ അറിവാൻ.

ലോകമാസകലമുള്ള ജപപ്രസ്ഥാല സഖ്യതാംഗങ്ങളുടെ കണക്കു് എടുക്കുന്നതിനു് ഓരോ രൂപതകളിലേയും സഖ്യതാംഗങ്ങളുടെ തുക അയച്ചു കൊടുക്കണമെന്നു് റോമിൽ നിന്നും സഖ്യത്തിന്റെ പൊതു ഡയറക്ടർ ആവശ്യപ്പെട്ടിരിക്കയാൽ ഈ രൂപതയിൽ ജ. അ. സ. സ്ഥാപിച്ചിട്ടുള്ള ഓരോ സ്ഥലത്തേയും ഡയറക്ടർമാർ അതാതുസ്ഥലത്തേ സഖ്യാംഗങ്ങളുടെ എണ്ണം ഈ മാർച്ചു മാസം പതിനഞ്ചാം തീയതിക്കകം ഇവിടെ എത്തിച്ചുതരണമെന്നു അറിയിച്ചു കൊള്ളുന്നു. ജ. അ. സ. രൂ. ഡ.

IV സുകൃതഭണ്ഡാരം.

ചങ്ങനാശേരി, കുറവിലങ്ങാട്ട്, പേഷ്ക്കർ, മുത്തോലി, പായിപ്പാട്ട്, പൂന്തോപ്പ്, കാഞ്ഞിരപ്പള്ളി, അരുവിത്തുറ, മിത്രക്കരി, ചെമ്മലമറ്റം എന്നീ സ്ഥലങ്ങളിലേ ജപമാലസ്സോദര സഖ്യതാംഗങ്ങളും ഡിസംബർ, ജനുവരി മാസങ്ങളിൽ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ച സുകൃതഭണ്ഡാരം.

സുകൃതഭണ്ഡാരം		പ്രത്യേകനിയോഗങ്ങൾ	
1 ദൈവസ്നേഹപ്രകരണം	7811332	1 ഇടവകകൾ	1316
2 കൊന്തനമസ്കാരം	38769	2 മുഴുവൻ ധ്യാനം	1957
3 സ്ലീവാപ്പാത	4748	3 ദൈവവിളി	2029
4 ശു. കു. ഉൾക്കൊള്ളൽ	6198	4 പള്ളിക്കൂടങ്ങൾ	1257
5 അരുപിക്കട്ടെത്ത ,,	27892	5 വിദ്യാർത്ഥികൾ	6418
6 ആത്മശുദ്ധന	7482	6 പരീക്ഷാവിജയം	15452
7 വേലചെയ്തനാഴിക	59897	7 കുടുംബങ്ങൾ	1749
8 മൗനം അനുഷ്ഠിച്ചമണിക്കൂർ	5002	8 മാതാപിതാക്കന്മാർ	1111
9 ജ്ഞാനവായന	4538	9 യുവജനങ്ങൾ	1190
10 കുർബാന ചൊല്ലിച്ചതു്	181	10 മക്കൾ	1550
11 കുർബാന കണ്ടതു്	19702	11 സഖ്യപ്രോത്സാഹികൾ	762
12 ആശയടക്കങ്ങൾ	20820	12 പതിതരുടെമനസാന്തരം	2042
13 പ്രായശ്ചിത്തങ്ങൾ	7240	13 അജ്ഞാനികളുടെ ,,	2597
14 ആത്മിക മനോഗുണപ്രവൃത്തി	51445	14 ദുഷ്കരതോലിക്കരുടെ ,,	1590
15 ശാരീരികമനോഗുണപ്രവൃത്തി	8637	15 മദ്യപാനികളുടെ ,,	1616
16 വിവിധ ജപങ്ങൾ	271690	16 ശത്രുക്കളുടെ മനം	1639
17 നല്ലറിണ്ണം കഴിച്ചുല്ലാസം	6180	17 മരിച്ച വിശ്വാസികൾ	3161
18 ദുഃഖാരിഷ്ടതകൾസഹിച്ചതു്	4616	18 ഭാഗ്യമരണം	1618
19 പ്രത്യേകദൃഷ്ടിണവിജയം	4930	19 ഉദ്യോഗം	312
20 വി. കു. വീസിത്ത	4053	20 പണസഹായം	3374
21 മറ്റുപുണ്യപ്രവൃത്തികൾ	94262	21 പ്രത്യേകമനോഗുണങ്ങൾ	9058

കുറിപ്പുകൾ

I. പാറ്റ്നാമിഷൻ: —

കഴിഞ്ഞ ജനുവരി പതിനഞ്ചാംതിയതി ബീഹാർപ്രദേശത്തുണ്ടായ ഭൂമികുലുക്കം എത്രഭയങ്കരമായിരുന്നെന്നു് ഇതിനകം ലോകമെങ്ങും പരന്നുകഴിഞ്ഞിരിക്കുന്നു. ഇത്ര നാശകരമായ ഒരു ഭൂമികുലുക്കം ഇൻഡ്യയിൽ ഇതിനുമുൻപു് ഉണ്ടായിട്ടില്ലത്രെ. ഇതുമൂലം ഉണ്ടായിട്ടുള്ള ആൾനാശത്തിനും മുതൽനഷ്ടത്തിനും ഒരു കയ്യും കണക്കുമില്ല. ആഹാരത്തിൻവകയില്ലാതെ പാപ്പിടവും കിട്ടാതെ വലയുന്നവരാണു് അവിടത്തെ നിവാസികളിൽ അധികവും. വണ്ടികൾനിറയെ ശവം പലദിവസങ്ങളിലായി ഗംഗാനദിയിലിറക്കിക്കൊണ്ടിരുന്നകാര്യം തന്നെ ഇതിന്റെ ഭയങ്കരസ്വഭാവം വിളിച്ചറിയിക്കുന്നു. നിലംപതിക്കാത്തതോ സാരമായകേടുപാടുകൂടാത്തതോ ആയ കെട്ടിട

ങ്ങൾ ആ പ്രദേശത്തു് ചൂരക്കമെന്നാണു് പറയുന്നതു്. ചിലസ്ഥലങ്ങളിൽ ഭൂമി പിളർക്കയും മറ്റുചിലടത്തു് ഭൂമി താണുപോകയും ചെയ്തിരിക്കുന്നു. ഗംഗാനദിയിൽതന്നെ ബാങ്കിപ്പൂർഎന്നസ്ഥലത്തിനടുത്തു് ഭൂകമ്പത്തിൽനിന്നും ചെളിനിറഞ്ഞ കറുത്തവെള്ളം മേല്പോട്ടുചീറിക്കൊണ്ടു രണ്ടു ദ്വീപുകൾ ഈ ഭയങ്കര സംഭവത്തിനിടയിൽ ഉണ്ടായതായിപറയുന്നു.

കത്തോലിക്ക മിഷൻവേലയേസംബന്ധിച്ചിടത്തോളം, പാരമ്പര്യോപരയ്ക്കും അവിടത്തെ മിഷൻവേലയ്ക്കും പറ്റിയിരിക്കുന്ന അദ്ധ്യേതനം ഏതുവേദപ്രചാരത്തെപ്പറ്റിയും അത്യധികം സഹതപിപ്പിക്കുന്ന ഒന്നാണു്. പാരമ്പര്യോപരയിൽപെട്ട പള്ളികൾഎല്ലാംതന്നെ നിലംപതിച്ചോ പതിക്കാറായോആണു് ഇരിക്കുന്നതു്. അനാഥമന്ദിരങ്ങളും മഠങ്ങളുംനശിച്ചു് കന്യാസ്ത്രീകളും നിസ്സഹായരായ കുഞ്ഞുങ്ങളും ഗവർമേൻറിൽനിന്നും ഏറ്റുപാടുചെയ്ത താൽക്കാലിക കൂടാരങ്ങളിൽ വസിച്ചുവരുന്നു. അവിടത്തെ മെത്രാസനമന്ദിരം നിശ്ശേഷം ഉപയോഗശൂന്യമായിപ്പോയിരിക്കുന്നു. എന്നാൽ ദൈവത്തിൻെറ പ്രത്യേകകാരുണ്യംമൂലം ആ മിഷനിൽപ്പെട്ട വൈദികർ കന്യാസ്ത്രീകൾ, അവരുടെ സംരക്ഷണയിലിരുന്ന അനവധി അനാഥകൾ, ഇവരിൽ ഒരുത്തക്കും തന്നെ ജീവാപായം സംഭവിച്ചിട്ടില്ലെന്നാണു് അറിവു്. എങ്കിലും ബ്രഹ്മപുത്രയിലേ മിഷൻവേലയ്ക്കു് സാമാന്യമല്ലാത്ത ഹാനിതട്ടിയിരിക്കുന്നു. മിഷൻസ്ഥാപനങ്ങളെ പുനരുദ്ധാരണംചെയ്യുന്നതിനു് ഒരു ഭീമമായതുക ഉടനെവേണ്ടിയിരിക്കുന്നു. ഇൻഡ്യൻകത്തോലിക്കരുടെ ഔദാര്യവും വേദപ്രചരണതല്പരതയും പ്രത്യക്ഷപ്പെട്ടത്തേണ്ട ഒരവസരംഉണ്ടെങ്കിൽ ഇതുതന്നെയാണു്. പല ബ്രഹ്മപുത്രകളിലും പാരമ്പര്യോമിഷനെ സഹായിക്കുന്നതിനായി മെത്രാന്മാരുടെ നേതൃത്വത്തിൽ ധനസഹായം ആരംഭിച്ചിരിക്കുന്നതായി കാണുന്നതു് എത്രയും ആശ്വാസജനകംതന്നെ. ചങ്ങനാശ്ശേരിലും എ. പെ. ബെ. മെത്രാനച്ചൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗംകൂടി ഒരു പണപ്പിരിവുനടത്തുന്നതിനു് തീരുമാനിച്ചു് ഏറ്റുപ്പട്ടികയുമുണ്ടാക്കിയതായി അറിയുന്നു. ബ്രഹ്മപുത്രയുടെ മറ്റു സ്ഥലങ്ങളിലും ക്രിസ്തീയധർമ്മവും ദീനാനുകമ്പയും മുൻനിറുത്തി വേണ്ടതുചെയ്യുമെന്നു് ആശിക്കാം.

2. ഒരു ഇൻഡ്യൻവൈദികനു് റോമിൽ പ്രൊഫസ്സർസ്ഥാനം:—

റോമിലേ ഏറ്റവും പ്രധാനപ്പെട്ട യൂണിവേർസിറ്റികളിൽ ഒന്നാണു് ഈശോസഭക്കാർ നടത്തുന്ന ഗ്രിഗോരിയൻ യൂണിവേർസിറ്റി. ഇവിടെ ഹൈന്ദവശാസ്ത്രപഠനം (Indology) സംബന്ധിച്ചുള്ള പ്രസംഗങ്ങൾ നടത്തുന്നതിനായി മധുരമിഷനിൽ (തൂത്തുക്കുടിപ്പള്ളി) അപ്പട്ട റവ. ഫാദർ. ബാലസുബ്രഹ്മണ്യൻ എസ്. ജെ. അവർകളെ ഒരു പ്രഫസറായി നിയമിച്ചിരിക്കുന്നവിവരം ഇൻഡ്യാക്കാക്കു് ഏറ്റവും അഭിമാനകരംതന്നെയാണല്ലോ. പതിനഞ്ചുവർഷംമുൻപ് കത്തോലിക്കസഭയെ ആശ്ലേഷിച്ച ഒരു ബ്രാഹ്മണയുവാവാണു് ഇദ്ദേഹം. പിന്നീടു് ഈശോസഭയിൽ ചേർന്നു് വൈദികപഠനംപൂർത്തിയാക്കി പുരോഹിതപദത്തിൽപ്രവേശിച്ചിട്ടു് ഇനിയും അധികവർഷമായിട്ടില്ല. മുപ്പത്തഞ്ചുവയസ്സുമാത്രം പ്രായമുള്ള ഇദ്ദേഹത്തിനു് ലഭ്യമായിരിക്കുന്ന ഈ ഉന്നതസ്ഥാനത്തിൽ സകലവിജയവുംഭവിക്കട്ടെ.

3. ലൂർദ്ദുദിനാഘോഷം:—

ചങ്ങനാശേരി സെൻറ് ബർക്കുമൻസ് ഹൈസ്കൂൾ കോളജുവിദ്യാർത്ഥികൾ ഏകോപിച്ച് വർഷംതോറും ലൂർദ്ദുമാതാവിൻെറ തിരുനാൾദിനം നടത്തിവരാറുള്ള അക്കാഡമി മീറ്റിങ്ങും, കോളജിൽനിന്നും പാറയിൽപള്ളിയിലേയ്ക്കുള്ള പ്രദക്ഷിണവും ഇത്തവണയും ഭംഗിയായിനടത്തിയിരിക്കുന്നു. വിജയപുരം രൂപതയുടെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷംവഹിച്ച അക്കാഡമിയോഗത്തിൽ, വെരി റവ ഫാദർ, റോമേയോസ്, റവ. ഓ. സി. ഡി. ഡോക്ടർ ജി. എഫ്. പാപ്പാളി എം. എ, പി, എച്ച് ഡി, മുതലായവരായിരുന്നു പ്രാസംഗികന്മാർ. വിദ്യാർത്ഥികൾ അണിനിരന്നിന്ന് മെഴുകുതിരിയുംപിടിച്ച് നടത്തിയപ്രദക്ഷിണവും, സെൻറമേരീസ് ഹോസ്റ്റൽവിദ്യാർത്ഥികളാൽ നിർവഹിക്കപ്പെട്ട പാറേൽപള്ളിയിലേയും പരിസരങ്ങളിലേയും ദീപക്കാഴ്ചയും ഏറ്റവും ഹൃദയാകർഷകങ്ങളും നമ്മുടെ നാഥയുടെ ബഹുമാനാർത്ഥം ലൂർദ്ദിൽ നടത്തപ്പെടുന്ന ആഘോഷാഡംബരങ്ങളുടെ ഒരു മാതൃകയും ആയിരുന്നു.

4. കത്തോലിക്കുക്ലബ്:—

കോട്ടയം, ചങ്ങനാശേരി, വിജയപുരം ഈ രൂപതകളിലേ മതാദ്ധ്യക്ഷന്മാരുടെ രക്ഷാധികാരത്തിൽ, കോട്ടയംനിവാസികളായ കത്തോലിക്കരുടെ സാമൂഹ്യഘടനയേ ഉദ്ദേശിച്ച്, രൂപവൽക്കരിച്ചിരിക്കുന്ന, കത്തോലിക്കുക്ലബ്, മി. ജോസഫ് വെള്ളാപ്പള്ളിയുടെ രണ്ടുനിലക്കെട്ടിടത്തിൽ, ഈ ഫെബ്രുവരി രണ്ടാം തീയതി, വെരി റവ. മോൺ. ബനവഞ്ചുരാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തിരിക്കുന്നു.

5. സെൻറമേരീസ് ലീജ്യൻ:—

ചങ്ങനാശേരി പാറേൽ സ്ഥാപിതമായിരിക്കുന്ന സെൻറമേരീസ് ലീജ്യൻെറ പ്രഥമ വാർഷികസമ്മേളനം 1934 ജനുവരി 28–ാംനു- ഞായറാഴ്ച പകൽ രണ്ടുമണിക്ക് സ്ഥലം സെൻറ് മേരീസ് ഐ. സി. ജെ എം. സ്കൂൾ ഹാളിൽവെച്ച് റവ. ഫാ. പ്ളാസിഡ് ററി. ഒ. സി. ഡി. പിഎച്ച്. ഡി. ഡി. ഡി. ഡി. സി. എൽ അവർകളുടെ മഹനീയാധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ വെരി റവ ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട്, മെസ്സേഴ്സ് പി സി അബ്രാഹം,എം. സി മാത്യു ബി. എ. മുതലായവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു.

6. രണ്ടാമത്തെ ഇൻഡ്യൻതീർത്ഥയാത്ര:—

ഇൻഡ്യയിൽ നിന്നുള്ള രണ്ടാമത്തെ ജൂബിലിതീർത്ഥയാത്രക്കപ്പൽ ഫെബ്രുവരി 29–ൽ മദ്രാസിൽനിന്നും പുറപ്പെട്ട് മാർച്ച് 3-ാംനു- റോമിലേയ്ക്ക് തിരിക്കുന്നതാണ്. ഇക്കപ്പലിലെ മുഴുവൻസംഘവും തീർത്ഥാടനക്കാർ തന്നെയാണ്. വിശേഷവിധിയായി ആറു മെത്രാന്മാരും അൻപതോളം വൈദികരും ഇതിലുണ്ടെന്നാണ് അറിവ്. ഈ സംഘത്തിൽ ചേർന്ന് റോമിലേയ്ക്ക് പോകുന്ന നമ്മുടെ രൂപതക്കാരായി പാറേൽപ്പാക്കൽ ബ. ഉത്തായിച്ചനും കളരിപറമ്പിൽ ബ. ദേവസ്യാച്ചനും ഉണ്ടെന്നുള്ളതു നമുക്ക് എത്രയും അഭിമാനകരമാണല്ലോ. ഇവരുടെ അഭിലാഷങ്ങളും സാധിച്ചു പവിത്രാവിൻെറ ആശീർവാദങ്ങളും വാങ്ങി സുഖമായിതിരിച്ചു വരുന്നതിനു നമുക്കും സർവ്വശക്തനെ പ്രാർത്ഥിക്കുന്നു.

7. "നവജീവിക":— തൃശ്ശൂർരൂപതവകയായി പ്രസിദ്ധപ്പെടുത്തിയുടങ്ങിയിരിക്കുന്ന "നവജീവിക" എന്നമാസിക കൈപ്പറ്റിനന്ദിപറയുന്നു. ഈ പുതിയ സഹജീവി ഏറെനാൾജീവിക്കട്ടെ.

പുസ്തകാഭിപ്രായം

നമ്മുടെരക്ഷയുടെ വില അഥവാ തിരുരക്തവണക്കം.

'ജ്ഞാനപൂന്താട്ടു' 'പരിശുദ്ധാത്മാവു' 'പന്തക്കുസ്താനവനാൾ' മുതലായ പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവും പ്രസിദ്ധ ധ്യാനപ്രസംഗകനുമായ പെ. ബ. ആലക്കളത്തിലച്ചനവർകൾ വിശ്വവിഖ്യാതനായ ഫാദർ ഫെബിയർ അവർകളുടെ 'The Precious Blood' എന്നാഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തിഎഴുതിയിട്ടുള്ളഒരുചെറുപുസ്തകമാണ് 'തിരുരക്തവണക്കം. ജ്ഞാനവായനയ്ക്കും ധ്യാനത്തിനും മാസവണക്കത്തിനും പറ്റിയതും അത്യന്തം ഭക്തിരസം തുളുമ്പുന്നതുമായ ഈ പുസ്തകത്തിനു നല്ല അധ്യായങ്ങളും ഉരുവ പക്ഷങ്ങളുമുണ്ട്. ഇതിനു സ്വാഗതമരുളാത്ത യാതൊരു കത്തോലിക്കാകുടുംബവും ഉണ്ടാകയില്ലെന്നാണ് തെങ്ങളുടെ പ്രതീക്ഷ. അദ്ധ്യാത്മപരങ്ങളായ ഈദൃശകൃതികളുടെ സംഖ്യ വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്നു വന്ദ്യനായ ഗ്രന്ഥകർത്താവിനോടു വേ. പ്ര. മദ്ധ്യസ്ഥൻ ഈ അവസരത്തിൽ അഭ്യർത്ഥിച്ചുകൊള്ളട്ടയോ ? വ ഉക്രംവിലയ്ക്ക് മദ്ധ്യസ്ഥൻ ആപ്പീസിൽനിന്നും ഈപുസ്തം കിട്ടുന്നതാണ്.

ഉപകാരസ്മരണകൾ.

തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും ദൈവജനനിയുടേയും വി. യൗസേപ്പു, വി. അന്തോനീസ്, വി. കൊച്ചുത്രേസ്യാ മുതലായ വിശുദ്ധരുടെ മദ്ധ്യസ്ഥതയാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ

രൂ. 1. ത്രേസ്യാമ്മ ജോൺ. പി.

വി. യൗസേപ്പു പിതാവിന്റെയും, വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെയും മദ്ധ്യസ്ഥതയാൽ സുഖക്കേടു ഭേദമായതിനു് ഉപകാരസ്മരണ

രൂ. 1. പി. കെ. മാത്തൻ. പുളിങ്കുന്നു്.

വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ മദ്ധ്യസ്ഥതയാൽ എന്റെ ഭാര്യയുടെ സുഖക്കേടു ഭേദമായതിനു ഉപകാരസ്മരണ രൂ. 1.

പി. ഐ. കുര്യൻ പാലാ.

വി. യൗസേപ്പുപിതാവിന്റെയും വി. ത്രേസ്യാ പുണ്യവതിയുടെയും പ്രത്യേക സഹായത്താൽ പരീക്ഷയിൽ പാസ്സായതിനും, അസാദ്ധ്യമായിരുന്ന ഒരു കാര്യം സാധിച്ചതിനും, നഷ്ടപ്പെട്ടുപോയ ഒരു വിലയുള്ള സാധനം തിരിച്ചു കിട്ടിയതിനും ഉപകാരസ്മരണയായി രണ്ടുരൂപാ ഇരുപതു ഉക്രം അയക്കുന്നു. ഒരുഭക്ത.

ചരമവാർത്ത.

പ്രവിത്താനം ഇടവക മദ്രംകുന്നേൽ മറിയം 76 മത്തെവയസ്സിൽ കഴിഞ്ഞ ജനുവരി 13 നു അന്ത്യകൂദാശകൾ സ്വീകരിച്ചു ദൈവത്തോടെ കൈക്കൊണ്ടു ചരമഗതി പ്രാപിച്ചിരിക്കുന്നു. ആത്മാവുക്കുലാത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം R. I. P.

കച്ചേരിക്കാര്യം.

1. Solutio Casus Conscientiae No. 3.

Quae: An bene fecerit Joannes in singulis casibus ?

Resp: Bene fecit Joannes in ambobus casibus.

Ratio: In dubio, violatio legis prohibitivae probanda est, non paresumenda. Lex jejunii de qua in casu agitur est lex prohibitiva vetans ne quis non-jejunus Communionem suscipiat. Joannes in ambobus casibus stricte dubitat an violaverit jejunium an non. Ut jus communicandi negetur illi, factum violationis jejunii certo debet probari. Ergo possidet jus communicandi ideoque recte ratiocinatur Joannes dicens: in dubio melior est conditio Possidentis.

2. വടക്കേ ഇൻഡ്യായിൽ അടുത്തകാലയ്യുണ്ടായ അതിഭയങ്കരമായ ഭൂകമ്പംമൂലം ഭവനവും ഭക്ഷണവുമില്ലാതെ അവർണ്ണനീയമായവിധം കഷ്ടപ്പെടുന്ന അനേകലക്ഷം ആളുകളുടെ സങ്കടത്തിൽ അവരോട് സഹതപിക്കുകയും അവരവരുടെ ശക്തി അനുസരിച്ച് അവരെ സഹായിക്കുകയും ചെയ്യണ്ടതു് നാമോരോരുത്തരുടേയും ധർമ്മമാണ്. അനേകം ദേവാലയങ്ങളും സന്യാസാശ്രമങ്ങളും ധർമ്മസ്ഥാപനങ്ങളും നശിച്ചുപോയിട്ടുണ്ടെന്നാണ് റിപ്പോർട്ടുകളിൽനിന്നും കാണുന്നതു്. അതുകയാൽ അത്യാഹിതത്തിൽപ്പെട്ടവലയുന്ന ഈ സഹോദരങ്ങൾക്കു ധനസഹായംചെയ്യേണ്ടതിന്റെ ആവശ്യകതയേപ്പറ്റി ബ. വികാരിമാർ അടുത്തഞായറാഴ്ച പള്ളിയിൽ പ്രസംഗിക്കേണ്ടതും ഓരോ ഇടവകയിലും പൊതുജനങ്ങളിൽനിന്നും സ്കൂളുകളിലെ അദ്ധ്യാപകാദ്ധ്യേതാക്കളിൽനിന്നും പണപ്പിരിവുനടത്തി കിട്ടുന്നസംഖ്യ വടക്കേ ഇൻഡ്യയിലേക്കയച്ചുകൊടുക്കുന്നതിനായി ഉയിർപ്പുഞായറാഴ്ചയ്ക്കുമുമ്പിൽ അരമനയിൽ ഏൽപ്പിക്കേണ്ടതുമാണ്.

പൊതുജനങ്ങളിൽനിന്നും പിരിക്കുന്നതിനുപുറമേ പള്ളികളുടെ ധനസ്ഥിതി അനുസരിച്ച് ഓരോരുക പള്ളികളിൽനിന്നും സംഭാവന ചെയ്യാവുന്നതാണ്.

3. അടുത്തകൊല്ലം വൈദികവ്യായനാത്ഥം രൂപതാവക കോട്ടയം പെററിസെമിനാരിയിൽ ചേരുവാനാഗ്രഹിക്കുന്നവർ അടുത്ത ഉയിർപ്പുതിരുനാളിനു മുമ്പായി പ്രസ്തുത സെമിനാരിയുടെ ബ. റെക്ടരച്ചന്റെപേക്ക അപേക്ഷ അയയ്ക്കേണ്ടതാണ്.

St. Joseph's Orphanage Weaving Institute, Changanacherry.

അനാഥശാല നെയ്ത്തുശാല, ചങ്ങനാശ്ശേരി

ഇവിടെ പലതരത്തിലുള്ളതുണിത്തരങ്ങളും, തുവാലകളും പുതപ്പുകളും മേശവിരി, ബെഡ്ഷീറ്റ്, നാഫ്കിൻ, ടൌവൽ മുതലായവയും, കരയൻമുണ്ടുകളും, വേഷ്ടികളും, തുപ്പട്ടികളും, തോൎത്തുകളും ആദിയായി നിത്യ ഉപയോഗത്തിനുള്ളവയും, പള്ളികളിലും മറ്റും ഉപയോഗിക്കാവുന്ന പരവതാനികളും, ചവുക്കാളങ്ങളും, സന്ന്യാസസ്ത്രീകൾക്കുള്ള ബ്രൌൺതുണികളും ആദിയായവയും എപ്പോഴും വില്പനയ്ക്കുള്ളതു കൂടാതെ ആവശ്യക്കാരുടെ ഇഷ്ടാനുസരണം ഏതുവലിപ്പത്തിലും ഡിസൈനിലും വേണ്ടപ്രകാരങ്ങളും ആയതുകളായി അപ്പോഴപ്പോൾ ചെയ്തുകൊടുക്കുന്നതാണ്.

വിലവിവരം.

	രൂ.	ചു.	കാ.
ചവുക്കാളം (ഒന്നാംതരം)	3	7	2
ടി രണ്ടാംതരം	2	14	4
ടി മൂന്നാംതരം	1	17	12
മേശവിരി വലുതു്	1	14	4
ടി ചെറുതു്	1	0	0
ബ്രൌൺതുണി വാരയ്ക്കു്	0	19	8
പോക്കറ്റു തുവാല വലുതു്	0	3	0
ടി ചെറുതു്	0	2	4
ബാത്തു് ടൌവ്വൽ	0	17	12
ടി രണ്ടാംതരം	0	11	0
ടി മൂന്നാംതരം	0	8	0

മുണ്ടുകളും തോൎത്തുകളും മുതലായവ മുക്കാൽ രൂപാ മുതൽ അഞ്ചു ചക്രം വരെ വിലയ്ക്കുള്ളവ ഇവിടെ വില്പനയ്ക്കു് എപ്പോഴും തയാറുണ്ടു.

Reg. No. T. 21.

പഞ്ചാംഗം

മാർച്ച് 1934 കൊല്ലം–മീനം 1109

മാർ യൗസപ്പു പുണ്യവാന്റെ വണക്കമാസം.

1	18	വ്യാ		റോ
2	19	വെ	ന. ക. തിരുവസ്തും (ഒ. നേ.)	ചു
3	20	ശ		റോ
4	21	ഞാ ✠	നോമ്പു 3–ാം ഞാ ഹ. 4. ക.	റോ
5	22	തി		റോ
6	23	ചൊ	അ. മെ. മല്പാൻ ക്രില്ലോസ്	വെ
7	24	ബു	മെ. മല്പാൻ തോമ്മാ അകപിനാ	വെ
8	25	വ്യാ	മെ. യോഹന്നാൻ ലാലാഹാ	വെ
9	26	വെ	ന. ക. ൪ തിരുമുറിവുകൾ (ഒ. നേ.)	ചു
10	27	ശ		റോ

മാർ യൗദാപ്പുചിതാവിന്റെ നൊവേന തുടങ്ങുന്നു.

11	28	ഞാ ✠	നോമ്പു 4–ാം ഞാ ക. 5 മെ.	റോ
12	29	തി	പ്രാ. മെ. മല്പാൻ ഗ്രിഗോരിയോസ്	വെ
13	30			റോ
14	1	ബു		റോ
15	2	വ്യാ		
16	3	വെ	ന. ക. തിരുരക്തം (ഒ. നേ.)	ചു

മംഗലവാർത്തപ്പെരുന്നാളിന്റെ നൊവേന തുടങ്ങുന്നു.

17	4	ശ	അ. മെ. പത്രിത്തീസ്	വെ

ഇന്നു റംശായ്ക്കു മുമ്പ് തിരുസ്വരൂപങ്ങളും റോഡിന്മേൽ തുണി കൊണ്ടു മൂടുന്നു.

18	5	ഞാ ✠	നോ. 5-ാം ഞാ പെസ്സ. ഞാ. ഹ. 6 ക.	റോ
19	6	തി	മാർ യൗസേപ്പു പിതാ. മരണം	വെ
20	7	ചൊ		റോ
21	8	ബു	ആ. ബെനഡിക്തോസ്	വെ
22	9	വ്യാ		റോ
23	10	വെ	എ. ഭാ. ക. മ. 7 വ്യാകുലങ്ങൾ (ഒ. നേ.)	വെ
24	11	ശ		
25	12	ഞാ ✠	നോ. 7-ാം ഞാ. പെസ്സ. ഞാ. ഹ. 7 ക.	റോ
26	13	തി	വലിയ ആഴ്ച	റോ
27	14	ചൊ	വലിയ ആഴ്ച	റോ
28	15	ബു	വലിയ ആഴ്ച	
29	16	വ്യാ	ന. ക. അത്താഴം	വെ
30	17	വെ	ദുഃഖവെള്ളി (ഒ. നേ.)	ക
31	18	ശ	ദുഃഖശനി (ഒ. നേ.)	വെ

ഇന്നുമുതൽ ത്രിത്വത്തിന്റെ ഞായർവരെ ത്രികാലജപമായി "പൗലോകരാജസ്ത്രീ" നിന്നുകൊണ്ടു ചൊല്ലുന്നു. പെസഹാക്കാലം തുടങ്ങുന്നു.

Printed and published by Rev. Fr. Mathew Alakalam at the S. J. O. Press, Changanacherry.